സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

# Suviseshadhwani

2023 ജൂലൈ 15

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 48 • പുസ്തകം 41 • ലക്കം 48 • പേജ് 6

## നമ്മുടെ സുരക്ഷിതഭവനം-പണികൾ പൂർത്തിയാകുന്നു

**ജോർജ് സി. വർഗ്ഗീസ്, തിരുവനന്തപുരം**

> **വിട്ടുപിരിഞ്ഞ് കർത്താവിനോടുകൂടെ വസിക്കുക എന്നതാണ് പൗലോസിന്റെ വാഞ്ഛ. അത് അത്യുത്തമമാകുന്നു. പൗലോസ് സ്വന്തം താത്പര്യങ്ങൾക്ക് മാത്രം വിലമതിക്കുന്ന വ്യക്തി ആയിരുന്നെങ്കിൽ താൻ തെരഞ്ഞെടുക്കുന്നത് ഇതു തന്നെയായിരിക്കും; എന്നതിൽ സംശയമില്ല. മരണസമയത്ത് വിശ്വാസിയുടെ ആത്മാവ് ശരീരത്തെ വിട്ട് കർത്താവിന്റെ സന്നിധിയിലേക്ക് പോകുന്നു. കർത്താവിന്റെ സന്നിധിയിലെ സന്തോഷം എല്ലാ സുബോധത്തോടുംകൂടെ അനുഭവിക്കുകയും ചെയ്യുന്നു.**

ഈ ലോകജീവിതത്തിൽ നമുക്ക് പല വിധമായ ക്ലേശപൂർണ്ണമായ, അധൈര്യപ്പെടുത്തുന്ന അവസ്ഥകളിൽകൂടെ കടന്നുപോകേണ്ട സാഹചര്യങ്ങൾ ഉണ്ട്. എന്നാൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ പ്രത്യാശാനിർഭരമായ വാഗ്ദാനം നമുക്ക് എത്രയോ ധൈര്യം പകരുന്നതാണ്. കർത്താവ് പറഞ്ഞു “നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്... എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. “...ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു...” (യോഹ. 14:1-3). ഈ സുരക്ഷിതഭവനത്തെ ഓർമ്മിപ്പിക്കുന്ന ഒരു സംഭവം പ്രിയ സഹോദരങ്ങളെ ഓർമ്മിപ്പിക്കട്ടെ. പോർച്ചുഗലിൽ 50 വർഷത്തിലധികം മിഷണറി ആയിരുന്ന ഒരു വ്യക്തി ആയിരുന്നു പാസ്റ്റർ എറിക്ക് ബാർക്കർ (Eric Barker) വളരെ പ്രതിസന്ധികൾ നിറഞ്ഞ പശ്ചാത്തലത്തിലും താൻ കർത്താവിനെ വളരെ വിശ്വസ്തതയോടുകൂടെ സേവിച്ചു. എന്നാൽ രണ്ടാം ലോകമഹായുദ്ധക്കാലമായപ്പോഴേക്കും തനിക്കും തന്റെ കുടുംബത്തിനും അവിടെ താമസിച്ച് ശുശ്രൂഷകൾ ചെയ്യാൻ പറ്റാത്ത സാഹചര്യങ്ങൾ ഉണ്ടായി. അതിനാൽ തന്റെ ഭാര്യയേയും എട്ടുമക്കളേയും മാതൃരാജ്യമായ ഇംഗ്ലണ്ടിലേക്കു വിടുവാൻ താൻ തീരുമാനിച്ചു. അവരെ ഇംഗ്ലണ്ടിലേക്ക് പോകുന്ന കപ്പലിൽ യാത്ര അയച്ചതിനുശേഷം താൻ ദൈവീക ശുശ്രൂഷയിൽ തുടർന്നു.

തന്റെ ഭാര്യയും മക്കളും ഇംഗ്ലണ്ടിലേക്കു പോയശേഷം അടുത്ത ഞായറാഴ്ച താൻ പതിവുപോലെയുള്ള ശുശ്രൂഷകൾ ദൈവാലയത്തിൽ ചെയ്യുകയായിരുന്നു. തന്റെ അന്നത്തെ പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞു “എന്റെ എല്ലാ കുടുംബാംഗങ്ങളും സുരക്ഷിതരായി ഭവനത്തിൽ എത്തിയിട്ടുണ്ട്” അത്രമാത്രം. എന്നാൽ സാഭായോഗം അവസാനിച്ചു കഴിഞ്ഞപ്പോഴാണ് പാസ്റ്ററിന് തന്റെ ഭാര്യയും മക്കളും സഞ്ചരിച്ചിരുന്ന കപ്പലിനെക്കുറിച്ച് മറ്റൊരു സന്ദേശം ലഭിച്ചിരുന്നു എന്ന് സഭാജനങ്ങൾ മനസ്സിലാക്കിയത്. ഒരു അന്തർവാഹിനിയാൽ കപ്പൽ തകർക്കപ്പെടുകയും, അതിലെ സകലമാനപേരും മുങ്ങി മരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആശ്വാസം എന്നത് തന്റെ കുടുംബാംഗങ്ങൾ എല്ലാം സ്വന്തസ്ഥലമായ ഇംഗ്ലണ്ടിൽ എത്തുക എന്നതിനേക്കാൾ, അതിനേക്കാൾ സുരക്ഷിതമായ, സന്തോഷപൂർണ്ണമായ സ്വർഗ്ഗരാജ്യത്തിലെത്തി എന്നതായിരുന്നു. ഈ ദുഃഖഭാരവും പേറിക്കൊണ്ടാണ് താൻ ആ ഞായറാഴ്ച ദേവാലയത്തിൽ ശുശ്രൂഷിച്ചത്. സകലബുദ്ധിയേയും കവിയുന്ന ദൈവീകസമാധാനം! എന്തൊരു ധൈര്യം! എന്തൊരു വിശ്വാസം! എന്തൊരാശ്വാസം... (കടപ്പാട്). ഈ സംഭവം വായിച്ചപ്പോൾ പഴയനിയമഭക്തനായ ഇയ്യോബിന്റെ ജീവിതമാണ് ഓർമ്മയിൽ എത്തുന്നത്. ഇയ്യോബ് ദൈവഭക്തനായിരുന്നു, നിഷ്കളങ്കനായിരുന്നു, നേരുള്ളവനായിരുന്നു, ദോഷം വിട്ടകലുന്നവനായിരുന്നു. മക്കളും സമ്പത്തും ഐശ്വര്യവും എല്ലാംകൊണ്ടും ധന്യമായ ജീവിതം. ദൈവം പ്രത്യേക സംരക്ഷണം നൽകി ഇയ്യോബിനെ പരിപാലിച്ചുകൊണ്ടിരുന്നു എന്നാണ് തിരുവെഴുത്ത് പറയുന്നത്.

▶▶ ശേഷം 2-ാം പേജിൽ

## ശരണത്തിനായി ഓടിവരുന്നവർക്ക് അവൻ ഒരു സങ്കേതം

**കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ**

> **പിശാച് പുറകെനടന്ന് വീഴിപ്പാൻ ശ്രമിക്കും. നമ്മെ ക്ഷീണിപ്പിച്ചു പിന്മാറ്റുന്ന പല കാര്യങ്ങൾ കൊണ്ടുവരും. അതിൽ നാം വീണില്ലെങ്കിൽ തന്ത്രം മാറ്റിപ്പിടിക്കും. വാ. 2 –ൽ ഭീഷണി എടുക്കുന്നു. ആത്മീകശത്രുവിന്റെ തന്ത്രം നാം ശ്രദ്ധിച്ച് വർത്തിക്കണം. വാ. 3 –ൽ അടിസ്ഥാനം മറിഞ്ഞാൽ ഏതു ശക്തനും വീഴും**

ദൈവം എന്റെ സങ്കേതവും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയും എന്ന് ജീവിതത്തിൽ അനുഭവിച്ചറിഞ്ഞവനാണ് ദാവീദ്. ദൈവത്തിൽ സങ്കേതം കണ്ടെത്തുന്ന ഒരു സ്ഥിരമാനസന്റെ ഗീതമാണ് 11-ാം സങ്കീർത്തനം. രക്ഷിക്കപ്പെട്ട് നീതിയോടെ കർത്താവിനെ പിൻപറ്റുന്ന വിശ്വാസിക്ക് നിരന്തരമായി പ്രതികൂലങ്ങൾ ഉണ്ടായിരിക്കുമെന്ന് 11-ാം സങ്കീർത്തനം പഠിപ്പിക്കുന്നു. ഭക്തിയോടെ ജീവിക്കുന്നവർക്ക് ഉപദ്രവം ഉണ്ടാകും. അവർ ഭക്തന്റെ നീതിയെ വ്യാജമായി മാറ്റിക്കളയും സദൃ. 23:9, യെശ. 5:23, 32:7, യഹെ. 13:22 ഹൃദയം തകർക്കുംവിധം മറ്റുള്ളവർ പെരുമാറും. അത് അകത്തുനിന്നായാൽ വേദന വർദ്ധിക്കും. നാലുപാടിൽ നിന്നും സ്വന്ത കുടുംബത്തിൽ നിന്നുപോലും തന്റെ സത്യത്തെ വ്യാജമാക്കി ത്യജിക്കുന്ന അനുഭവമുണ്ടാകുമ്പോൾ ഹൃദയം നീറും. ദൈവം അവരോട് പലവിധത്തിൽ ഇടപെട്ടിട്ടും മാനസാന്തരപ്പെടാതെ ഹൃദയം കഠിനമാക്കി അവർ ലോകത്തിന് അനുരൂപപ്പെടുന്നു. ശൗൽ കാരണം കൂടാതെ ദാവീദിനെ നിരന്തരമായി ഉപദ്രവിച്ചു. ദൈവം തന്റെ മക്കളെ കാക്കുന്നു, കരുതുന്നു.

**വിശ്വാസം ആക്രമിക്കപ്പെടുന്നു (വാക്യം 1 – 3)**

ആക്രമണം സഹിക്കവയ്യാതെ പർവ്വതത്തിലേക്ക് ഓടിപ്പോയി വിശ്രമിപ്പാൻ ആഗ്രഹിക്കുന്ന ദാവീദ്. ദൈവസന്നിധിയിലേക്ക് അടുക്കുന്നതിൽ നിന്ന് പിശാച് നമ്മെ നിരുത്സാഹപ്പെടുത്തും. ഹൃദയത്തിൽ അധൈര്യം കൊണ്ടുവരും. പല സംശയങ്ങളിറക്കിക്കൊണ്ടുവരും. എന്നെ സഹായിപ്പാൻ, കരുതുവാൻ, താങ്ങുവാൻ ആരുമില്ലെന്ന തോന്നൽ നമ്മെ ബലഹീനരാക്കി പിന്മാറ്റത്തിലേക്ക് കൊണ്ടുചെന്നാക്കും. ദേശം ഒറ്റുനോക്കുവാൻ മോശെ 12 പേരെ അയച്ചു. അവിടെ കണ്ടതെല്ലാം നല്ലതാണ്. എന്നാൽ നമ്മെ തിന്നുകളയുന്ന അനാക്യമല്ലന്മാരെയും അവിടെ കണ്ടു. അങ്ങനെ ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി. എന്നാൽ യോശുവയും കാലേബും ദൈവത്തിലാശ്രയിച്ചു. ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്കവരെ ജയിപ്പാൻ കഴിയും. പിശാച് പുറകെനടന്ന് വീഴിപ്പാൻ ശ്രമിക്കും. നമ്മെ ക്ഷീണിപ്പിച്ചു പിന്മാറ്റുന്ന പല കാര്യങ്ങൾ കൊണ്ടുവരും. അതിൽ നാം വീണില്ലെങ്കിൽ തന്ത്രം മാറ്റിപ്പിടിക്കും. വാ. 2 -ൽ ഭീഷണി എടുക്കുന്നു. ആത്മീകശത്രുവിന്റെ തന്ത്രം നാം ശ്രദ്ധിച്ച് വർത്തിക്കണം. വാ. 3-ൽ അടിസ്ഥാനം മറിഞ്ഞാൽ ഏതു ശക്തനും വീഴും. ജീവിതത്തിൽ ആശ്രയമില്ലാതെ, ഉറച്ചുനില്പാൻ കഴിയാതെ പതറിപ്പോകുന്ന അവസ്ഥ. നമുക്ക് കൈത്താങ്ങൽ തരാൻ, സ്നേഹിപ്പാൻ, അനുകൂലം നില്പാൻ ആരുമില്ലാതെ ഉഴലുന്ന അവസ്ഥ, എല്ലാവരും ഒറ്റപ്പെടുത്തുന്ന അവസ്ഥ. ഭാര്യയും മക്കളും മറ്റുള്ളവരും കുറ്റപ്പെടുത്തുമ്പോൾ കാലിടറിപ്പോകാൻ സാദ്ധ്യതയുണ്ട്.

▶▶ ശേഷം 4-ാം പേജിൽ

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ്

**തീയതി : 2023 ആഗസ്റ്റ് 28, 29, 30, 31 തിങ്കൾ മുതൽ വ്യാഴം വരെ**
**സ്ഥലം : കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ**

ക്യാമ്പ് തീം : **"ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" (2 തിമൊ. 2:1)**

കർത്താവിൽ പ്രിയരെ, കർത്തൃനാമത്തിൽ സ്നേഹവന്ദനം...

രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിലെ 4 വൈ.എം.ഇ.എഫ്. ഡിവിഷനുകളും ഒരുമിച്ച്, ജനറൽ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിൽ നടത്തി വരുന്ന ജനറൽ ക്യാമ്പ് (കോവിഡ് കാരണം) 2021 -ൽ നടത്തുവാൻ കഴിഞ്ഞില്ല. ദൈവഹിതമായാൽ 2023 ആഗസ്റ്റ് 28 തിങ്കൾ മുതൽ 31 വ്യാഴം വരെ പെരുമ്പാവൂർ – കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ വച്ച് നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. “ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക” (2 തിമൊ. 2:1) എന്നതാണ് ക്യാമ്പ് തീം. പ്രധാന ലീഡേഴ്സ് കർത്തൃദാസന്മാരായ തോംസൺ ബി. തോമസ് (മുംബൈ), കോശി മാത്യു (മുംബൈ), പി.ജി. ജെയിംസ് (തണ്ണിത്തോട്), ജെബി കെ. സൈമൺ (ബീഹാർ) എന്നിവരാണ്.

700 പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ജനറൽ ക്യാമ്പിന് ഏകദേശം 8.5 ലക്ഷം (എട്ടര ലക്ഷം) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദൈവ മക്കളുടെ ഔദാര്യ ദാനങ്ങളാലാണ് ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ താഴെക്കാണുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ജനറൽ ട്രഷറാറുടെ വിലാസത്തിൽ അയച്ചു തരികയോ, ക്യാമ്പിലെത്തിക്കുകയോ ചെയ്യുവാൻ അപേക്ഷിക്കുന്നു. താഴെ കാണുന്ന ക്യു.ആർ. കോഡ് ഉപയോഗിച്ചും പണം അയയ്ക്കാവുന്നതാണ്. പണം അയക്കുന്ന വിവരം ജനറൽ ട്രഷറാറെ ഫോണിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

ജനറൽ വൈ.എം.ഇ.എഫ്. നുവേണ്ടി
**ജേക്കബ് പി. മാത്യു, ജനറൽ സെക്രട്ടറി, 984700091**

| | | |
|---|---|---|
| Bank | : | Union Bank of India<br>Hemambika Nagar, Palakkad |
| Account Name | : | John Mathews P. |
| Account No. | : | 478902010204303 |
| IFSC Code | : | UBIN0547891 |

SCAN QR CODE TO PAY

*Address of Treasurer*
**John Mathews,** Ponmalai House, Near Orthodox Church
Akathethara P.O., Palakkad - 678008

## വൈ.എം.ഇ.എഫ് വന്ന വഴികൾ പ്രത്യേക പ്രോഗ്രാം തയ്യാറാക്കുന്നു

ഭാരത സുവിശേഷീകരണത്തിൽ കഴിഞ്ഞ എട്ടു പതിറ്റാണ്ടുകളിലധികം നിർണ്ണായക സംഭാവനകൾ നൽകിയ വൈ എം ഇ എഫ് പിന്നിട്ട ചരിത്ര വഴികൾ വിശദമാക്കുന്ന ഒരു പ്രത്യേക പ്രോഗ്രാം തയ്യാറാക്കുന്നു. വൈ.എം.ഇ.എഫ്. ജനറലിന്റെയും ഡിവിഷനുകളുടെയും ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ സമഗ്രമായ ചരിത്രവും പ്രധാനപ്പെട്ട സംഭാവനകളും, ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു. വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിലായിരിക്കും ഈ പ്രോഗ്രാം നടത്തപ്പെടുന്നത്. വൈ.എം.ഇ.എഫ്. ചരിത്രവുമായും ശുശ്രൂഷകളുമായും ബന്ധപ്പെട്ട ഏതെങ്കിലും രേഖകളോ, ചിത്രങ്ങളോ, കുറിപ്പുകളോ, കൈവശമുള്ളവർ ദയവായി താഴെപ്പറയുന്ന വാട്സ്ആപ് നമ്പറുകളിൽ അയച്ചു കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജേക്കബ് പി മാത്യു**
ജനറൽ സെക്രട്ടറി, 98470 00691

**പ്രമോദ് തോമസ്**
9447567528

എഡിറ്റോറിയൽ — പേജ് 2
ഫിലേമോൻ ലേഖന പഠനം — പേജ് 3
യുവലോകം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്ത — പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ജൂലൈ 15/ പുസ്തകം 41 ലക്കം 48

എഡിറ്റോറിയൽ

# സൊദോമ്യപാപം

"അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്തീകരിക്കുകയോ, നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽത്തമ്മിൽ അപമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു" (റോമ. 1:21,24).

ഹ്യൂമൻ റൈറ്റ്സ് ക്യാംപെയ്ൻ ഫൗണ്ടേഷന്റെ കണക്കുപ്രകാരം 32 രാജ്യങ്ങളിൽ സ്വവർഗ്ഗവിവാഹം നിയമപരമാണ്. അവയിൽ അമേരിക്ക, കാനഡ, ബ്രിട്ടൻ, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലൻഡ്, സ്വീഡൻ, ന്യൂസിലൻഡ് മുതലായ രാജ്യങ്ങൾ ഉൾപ്പെടുന്നു. സ്വവർഗ്ഗവിവാഹത്തിനു സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം സാധുത നൽകണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ നമ്മുടെ രാജ്യത്തെ സുപ്രീംകോടതിയുടെയും പരിഗണനയിലാണ്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പിൽ സ്വവർഗ്ഗവിവാഹത്തിനു സാധുത ലഭിക്കാനുള്ള മൗലികാവകാശം ഹർജിക്കാർക്ക് അവകാശപ്പെടാനാവില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് സത്യവാങ്മൂലത്തിലൂടെ സുപ്രീംകോടതിയെ അറിയിച്ചിരിക്കുന്നത്. 2018 -ൽ സുപ്രീംകോടതി സ്വവർഗലൈംഗികബന്ധം ക്രിമിനൽ കുറ്റമല്ലാതാക്കി. ഒരേ ലിംഗക്കാർ തമ്മിലുള്ള വിവാഹം അനുവദിക്കാമോ ആ വിവാഹത്തിലൂടെ

**ലോത്ത് യോർദാനരികെ നീരോട്ടമുള്ള പ്രദേശമായ സൊദോം തിരഞ്ഞെടുത്തു. സൊദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും എന്ന് ലോത്ത് മനസ്സിലാക്കിയെങ്കിലും താനും കുടുംബവും അവിടെത്തന്നെ താമസമാക്കി. അതിന്റെ പ്രധാനകാരണം, ആ പ്രദേശം അത്യന്തം ഫലപുഷ്ടിയുള്ളവയും ലോകപ്രകാരം ഒന്നിനും കുറവ് ഇല്ലാത്തതും ആയിരുന്നു.**

ഉണ്ടാകുന്നത് കുടുംബമാണോ എന്നീ വിഷയങ്ങളാണ് ഇപ്പോൾ സുപ്രീംകോടതി ഭരണഘടനാ ബഞ്ച് പരിഗണിക്കുന്നത്.

വിശുദ്ധ തിരുവെഴുത്ത് എന്ത് പറയുന്നു? യിസ്രായേലിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്തിരുന്ന ഭൂപ്രദേശമായിരുന്നു സൊദോം എന്ന പട്ടണം. ഇതിനോടൊപ്പമുള്ള മറ്റ് പട്ടണങ്ങളായിരുന്നു ആദ്മ, ഗൊമോര, സെബോയിം, സോവർ എന്നിവ. അബ്രഹാം പാർപ്പിനായി കനാൻദേശം തിരഞ്ഞെടുത്തപ്പോൾ ലോത്ത് യോർദാനരികെ നീരോട്ടമുള്ള പ്രദേശമായ സൊദോം തിരഞ്ഞെടുത്തു. സൊദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും എന്ന് ലോത്ത് മനസ്സിലാക്കിയെങ്കിലും താനും കുടുംബവും അവിടെത്തന്നെ താമസമാക്കി. അതിന്റെ പ്രധാനകാരണം, ആ പ്രദേശം അത്യന്തം ഫലപുഷ്ടിയുള്ളവയും ലോകപ്രകാരം ഒന്നിനും കുറവ് ഇല്ലാത്തതും ആയിരുന്നു.

സൊദോമിൽ പ്രകൃതിവിരുദ്ധമായ പുരുഷമൈഥുനത്തിന് ഒരു മതകർമ്മം എന്ന നിലയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന പുരുഷന്മാർ ധാരാളം ഉണ്ടായിരുന്നു. അവരെ ആണ് സൊദോമ്യർ എന്ന് വിവക്ഷിക്കുന്നത്. യഹോവ അബ്രഹാമിനോട് അരുളിചെയ്തു, "സൊദോമിന്റെയും ഗൊമോറയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു. "ഞാൻ ചെന്ന് എന്റെ അടുക്കൽ വന്നെത്തിയ നിലവിളിപോലെ അവർ കേവലം പ്രവർത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് നോക്കി അറിയും" (ഉൽപ. 18:20-21). രണ്ട് ദൂതന്മാരെ ദൈവം സൊദോമിലെ ലോത്തിന്റെ ഭവനത്തിലേക്ക് അയച്ചു. സൊദോം പട്ടണത്തിൽ ഉണ്ടായിരുന്ന പുരുഷമൈഥുനക്കാർ ദൂതന്മാരെ ഭോഗിക്കേണ്ടതിനു ലോത്തിന്റെ വീട് വളഞ്ഞു. അപ്പോൾ ദൂതന്മാർ ലോത്തിനോട്, "ഇവരെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുമ്പാകെ വലുതായിത്തീർന്നിരിക്കകൊണ്ടു ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും. അതിനെ നശിപ്പിപ്പാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു" (ഉൽപ. 19:13). "അധർമികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമപ്രവൃത്തി കണ്ടുംകേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമപ്രവൃത്തിയിൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെയും കുടുംബത്തെയും ദൈവം വിടുവിക്കുകയും സൊദോം ഗൊമോറ എന്ന പട്ടണങ്ങളുടെ മേൽ യഹോവയുടെ സന്നിധിയിൽ നിന്ന് ഗന്ധകവും തീയും വർഷിപ്പിച്ച് ആ പട്ടണങ്ങൾക്കും സകല നിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി. ദേശത്തിലെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി". അന്നുമുതൽ ഇന്നുവരെയും ആ പ്രദേശം ചാവുകടൽ (Dead Sea) ആയി കിടക്കുന്നു. ഇത് ലോകത്തിന് ഒരു ദൃഷ്ടാന്തമായിട്ട് ദൈവം വെച്ചിരിക്കുന്നു. ഇന്ന് ലോകമനുഷ്യർ സാത്താന്റെ വഞ്ചനയിൽ വീണിരിക്കുകയാണ്. അതുകൊണ്ട് അധർമ്മപ്രവൃത്തികൾ എല്ലായിടത്തും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

സൊദോമ്യപാപമായ സ്വവർഗ്ഗലൈംഗികബന്ധം ദൈവം വളരെ അധികം വെറുക്കുന്ന പാപമായി നമുക്ക് മനസിലാക്കാം. "വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ ദൈവമായ യഹോവയുടെ ആലയത്തിലേക്ക് യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുത്. ഇവ രണ്ടും നിന്റെ ദൈവമായ യഹോവയ്ക്ക് അറപ്പാകുന്നു" (ആവ. 23:18). ഈ വാക്യത്തിൽ നായ് പുരുഷമൈഥുനക്കാരനെക്കുറിക്കുന്നു. നോഹയുടെ കാലത്തും ലോത്തിന്റെ കാലത്തും നടന്നതുപോലെ അധർമ്മപ്രവൃത്തികൾ ഈ കാലത്തും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ ദൈവം ലോകത്തെ ന്യായം വിധിക്കുവാൻ പോകുകയാണ്. ദൈവമക്കളായ നമുക്ക് ഉണരാം. നാം കർത്താവിന്റെ വരവ് കാത്തിരുന്നു ബദ്ധപ്പെടുത്തിയും കൊണ്ട് ജീവിതവിശുദ്ധിയും ഭക്തിയും ഉള്ളവർ ആയിരിക്കുവാൻ കർത്താവ് നമുക്ക് ഏവർക്കും കൃപ നൽകട്ടെ.

**എ.ജെ. ഉമ്മൻ**

1-ാം പേജ് തുടർച്ച

## നമ്മുടെ സുരക്ഷിതഭവനം - പണികൾ പൂർത്തിയാകുന്നു

എന്നാൽ ദുഷ്ടനായ സാത്താൻ ദൈവത്തോട് വാദിച്ചു ഇയ്യോബിന് കഷ്ടവും നഷ്ടവും വരുത്തുവാൻ ദൈവം സാത്താനെ അനുവദിച്ചു. ഫലമോ? അടിക്കടി ആപത്തുകൾ. ഒന്നിന് പിറകേ ഒന്നായി കഷ്ടനഷ്ടങ്ങൾ. 10 മക്കൾ മരിച്ചു, അവരുടെ വീടുകൾ നശിച്ചു, സമ്പത്ത് നശിച്ചു. എല്ലാം നശിച്ചപ്പോഴും ഇയ്യോബ് പറയുന്നത് "യഹോവ തന്നു, യഹോവ എടുത്തു; യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടെ" (ഇയ്യോബ് 1:21). ഇയ്യോബ് ദൈവത്തോടും പരിഭവിച്ചില്ല. ദൈവസ്നേഹത്തെ സംശയിച്ചതുമില്ല.

പ്രിയരേ, നമ്മുടെ ജീവിതത്തിൽ ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടില്ല എങ്കിലും പ്രതികൂലങ്ങളുടെ മദ്ധ്യത്തിൽ നമ്മുടെ ചിന്താഗതി എന്തായിരിക്കും? ഇയ്യോബിന്റെ ഭാര്യ സംസാരിച്ചതുപോലെ സംസാരിക്കുമോ? അതോ ഇയ്യോബിനെപ്പോലെ പ്രതികരിക്കുമോ? "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി, ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിലുണ്ടെന്നറിയുന്നു" (2 കോരി. 5:1). ഈ ഉറപ്പും ധൈര്യവും ഓരോ ദൈവപൈതലിനും ഉണ്ടായിരിക്കേണ്ടതാണ്. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ (ഫിലി. 1:23). വിട്ടുപിരിഞ്ഞ് കർത്താവിനോടുകൂടെ വസിക്കുക എന്നതാണ് പൗലോസിന്റെ വാഞ്ഛ. അത് അത്യുത്തമമാകുന്നു. പൗലോസ് സ്വന്തം താത്പര്യങ്ങൾക്ക് മാത്രം വിലമതിക്കുന്ന വ്യക്തി ആയിരുന്നെങ്കിൽ താൻ തെരഞ്ഞെടുക്കുന്നത് ഇതു തന്നെയായിരിക്കും; എന്നതിൽ സംശയമില്ല. മരണസമയത്ത് വിശ്വാസിയുടെ ആത്മാവ് ശരീരത്തെ വിട്ട് കർത്താവിന്റെ സന്നിധിയിലേക്ക് പോകുന്നു. കർത്താവിന്റെ സന്നിധിയിലെ സന്തോഷം എല്ലാ സുബോധത്തോടുംകൂടെ അനുഭവിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ജോൺ വെസ്‌ലിയോട് തന്റെ ഒരു ശുശ്രൂഷയുടെ മദ്ധ്യത്തിൽ ഇപ്രകാരം ചോദിച്ചു "താങ്കൾ നാളെ രാത്രി 12 മണിക്ക് മരിക്കയാണെങ്കിൽ അതുവരെ എന്തുചെയ്യും?". അദ്ദേഹം മറുപടിയായി ഇപ്രകാരം പറഞ്ഞു "എന്റെ ഇപ്പോഴത്തെ പ്രോഗ്രാം അനുസരിച്ച് എപ്രകാരം തീരുമാനിച്ചിരിക്കുന്നുവോ അതുപോലെ തന്നെ അതു വിനിയോഗിക്കും". "ഞാൻ ഈ രാത്രിയിൽ ഗ്ലോസെസ്റ്ററിൻ (Glocesterin) പ്രസംഗിക്കും. അതിനുശേഷം ടെക്സ്ബറിയിലേക്ക് (Teskes bury) പോവുകയും, ഉച്ചകഴിഞ്ഞുള്ള യോഗത്തിൽ പ്രസംഗിക്കുകയും ചെയ്യും. വൈകുന്നേരം ആ സമൂഹത്തിലെ ആൾക്കാരുമായി സമയം ചെലവഴിക്കുകയും തുടർന്നു എന്നെ ക്ഷണിച്ച മാർട്ടിന്റെ (Martin) വീട്ടിൽ പോയി അവരോടൊപ്പം

ശേഷം 6-ാം പേജിൽ

## ധ്വനി ബൈബിൾ ക്വിസ് – 40 ശരിയുത്തരങ്ങൾ
### 2 ദിനവൃത്താന്തം 1 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങൾ

1. ഹൂരാം – ആബി (2 ദിനവൃത്താന്തം 4:16).
2. യെഹോശാഫാത്ത് (2 ദിനവൃത്താന്തം 17:12).
3. രെഹബെയാം (2 ദിനവൃത്താന്തം 11:21).
4. ധനവും, സമ്പത്തും, മാനവും (2 ദിനവൃത്താന്തം 1:12).
5. യഹോവയുടെ ന്യായപ്രമാണം ഉപേക്ഷിച്ചു യഹോവയോട് ദ്രോഹം ചെയ്തു (2 ദിനവൃത്താന്തം 12:1–2).
6. ശെബാരാജ്ഞി (2 ദിനവൃത്താന്തം 9:1).
7. അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത് (2 ദിനവൃത്താന്തം 5:13)
8. ശലോമോൻ രാജാവ് (2 ദിനവൃത്താന്തം 1:14–15).
9. ദർശകനായ ഹനാനി (2 ദിനവൃത്താന്തം 16:7).
10. രെഹബെയാം രാജാവ് യെരോബെയാമിനോടും ജനത്തോടും പറഞ്ഞു (2 ദിനവൃത്താന്തം 10:12–14).

### എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

1. മേരി പി മാമ്മൻ, കല്ലിശ്ശേരി
2. റെയ്മോൾ സൂസൻ ജോൺസ്, കൊച്ചി
3. മേരി ജോൺ, പുത്തൻകാവ്
4. തോമസ് സാമുവേൽ, കൊല്ലം
5. സാമുവേൽ ഡി., കണ്ണൂർ
6. എബ്രഹാം ഡാനിയേൽ, കോയിപ്രം
7. മറിയാമ്മ തോമസ്, കുന്നന്താനം
8. സ്പർജൻ കെ.വൈ., പുന്നപ്ര
9. ജോളി മാത്യു, കലഞ്ഞൂർ
10. ജോയിസ് ജേക്കബ്, കറുകച്ചാൽ
11. ജോളി രാജു, കല്ലിശ്ശേരി
12. പൊന്നമ്മ രാജു, ബാംഗ്ലൂർ
13. ലില്ലി ജോൺ, പാലാരിവട്ടം
14. മറിയാമ്മ ജോസ്, അടൂർ
15. പി.വി. എലിസബത്ത്, പേരൂർക്കട
16. ലിസി സാജൻ, പുത്തൻകാവ്
17. സാലി വർഗ്ഗീസ്, പുത്തൻകാവ്
18. പി.കെ. ജോർജ്ജുകുട്ടി, പെരുമ്പാവൂർ
19. ഷീജാ ബാബുജി, വേങ്കോട്
20. ഡെയ്സി ജോസ്, മാവേലിക്കര
21. റോസമ്മ റോയി, പാണ്ടനാട്
22. ജോസ് വി മാത്യു, ഇരവിപേരൂർ
23. ജോളി,രാജൻ, ബാംഗ്ലൂർ
24. മോളി ജോയി, മൂവാറ്റുപുഴ
25. മേരി ജോർജ്ജ്, റാന്നി
26. ജെസ്സി സാം, റാന്നി
27. നൈനസി രെഞ്ചി, ചേപ്പാട്
28. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ
29. ബേബി മോഹൻ, തൃശൂർ
30. ജിമാ ജോഷ്വ, ചെറിയതുറ
31. നൈനസി സാമുവേൽ, കോട്ടയം

### ശ്രദ്ധിക്കുക

ധ്വനി ബൈബിൾ ക്വിസിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന എല്ലാ പ്രിയപ്പെട്ടവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. ധ്വനി ബൈബിൾ ക്വിസ് 1 മുതൽ 26 വരെയുള്ള പുതിയ നിയമത്തിൽ നിന്നുള്ള ചോദ്യങ്ങളുടെ ശരിയുത്തരം അയച്ചവർക്കുള്ള സമ്മാനങ്ങൾ ഇതിനകം വിതരണം ചെയ്തിരുന്നുവല്ലോ.... ശേഷിക്കുന്ന ക്വിസ് നമ്പർ 27 മുതൽ 40 വരെയും പഴയനിയമത്തിൽ നിന്നുള്ള ചോദ്യങ്ങളുടെ ശരിയുത്തരം അയച്ചവർക്കുള്ള സമ്മാനങ്ങൾ ആഗസ്റ്റ് മാസം നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. വിജയികളുടെ പേര് വിവരങ്ങൾ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 009604073006195001
IFSC Code : CSBK 0000096

**തിരുമൊഴി**

"നാവിന്റെ ശാന്തത ജീവവൃക്ഷം; അതിന്റെ വക്രതയോ മനോവ്യസനം." (സദൃ. 15:4)

എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

# ഊരാലി ഗോത്രവർഗ്ഗം

തമിഴ്നാട്ടിലെ ഈറോഡ് ജില്ലയിലുള്ള സത്യമംഗലം വനപ്രദേശത്തു സംസാരിക്കുന്ന ഭാഷയാണ് ഊരാലി. നീലഗിരിയിൽ നിന്നും ഈ പ്രദേശത്തേയ്ക്ക് കുടിയേറി പാർത്തവരാണിവർ. എൻ.എൽ.സി.ഐ. ടീം ഈ പ്രദേശം സന്ദർശിച്ചപ്പോൾ അവിടെയുള്ള പ്രായമായ ഒരു സ്ത്രീ അവർ അനുഭവിക്കുന്ന അവഗണനയും ജാതീയമായ ചേരിതിരിവ് അനുഭവിക്കുന്നതിനെപ്പറ്റിയും പറഞ്ഞു. ഈ ഭാഷയിലേക്ക് വേദപുസ്തകം തർജ്ജിമ ചെയ്യപ്പെടേണ്ടിയിരിക്കുന്നു. സർവേ ടീം അവിടം സന്ദർശിച്ചു. തുടർപ്രവർത്തനങ്ങൾ വിജയകരമായി നടക്കേണ്ടതിന് ഈ ഗോത്രത്തിനുവേണ്ടി പ്രാർത്ഥിക്കുക.

**സമ്പാദനം : ഇ.ജെ.പി.**



# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ്, കുമ്പനാട്

ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ 44 -ാമത് വാർഷിക ജനറൽബോഡി സമ്മേളനം ജൂൺ 16 വെള്ളിയാഴ്ച കുമ്പനാട് ബി.ആർ.ടി. ഓഫീസിൽ വച്ച് നടന്നു. 2022-23 പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും അംഗീകരിച്ചു, പുതിയ ഭാരവാഹികളെയും തിരഞ്ഞെടുത്തു. സാമ്പത്തിക വർഷത്തിൽ 1,35,41,618 രൂപ വരവും 1,40,27,207 രൂപ ചിലവും രേഖപ്പെടുത്തി. ചെയർമാൻ വൈസ് ചെയർമാൻ എന്നീ ചുമതലകളിലേക്ക് യഥാക്രമം പ്രൊഫ.ജേക്കബ് തോമസ് കല്ലിശ്ശേരി, ബ്ര. ഓ.റ്റി. ചെറിയാൻ നന്നുവക്കാട് എന്നിവരെയും സെക്രട്ടറി, ജോയിന്റ് സെക്രട്ടറി സ്ഥാനങ്ങളിലേക്ക് സഹോദരന്മാരായ സാംകുട്ടി ജോർജ് അടൂർ, ജോർജ് മാത്യു കോന്നി എന്നിവരെയും തിരഞ്ഞെടുത്തു. ഇൻടേർണൽ ഓഡിറ്ററായി ബ്ര. എബ്രഹാം തോമസ് കോട്ടയവും ചുമതലയേറ്റു. 53 അംഗ ജനറൽബോഡിയും 13 അംഗ ഭരണസമിതിയും ചേർന്നാണ് ബി.ആർ.ടി യുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്.

നമ്മുടെ ഇടയിലെ സാധുക്കളായ സഹോദരങ്ങളെയും വിധവമാരെയും സഹായിക്കുന്ന ഈ ശുശ്രൂഷയിൽ ഭാഗഭാക്കുകളായ സഭകളെയും വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർഥനയും സഹകരണവും അഭ്യർഥിക്കുകയും ചെയ്തുകൊള്ളുന്നു.

**പണം അയക്കുന്നവർ താഴെക്കൊടുത്തിരിക്കുന്ന അക്കൗണ്ട് വിവരങ്ങൾ ഉപയോഗിക്കുക.**

Bank Details: Believers Relief Trust

| Local remittance: SBI Pathanamthitta | Foreign Currency: SBI New Delhi |
|---|---|
| SB Account No. 57068630227 | SB Account No. 40098837162 |
| IFSC: SBIN0070058 | IFSC: SBIN0000691 |

**സാംകുട്ടി ജോർജ്, അടൂർ**
(സെക്രട്ടറി, 8129568270)

# ബൈബിൾ ക്ലാസ്സുകൾ

നെയ്യാറ്റിൻകര പിരായുംമൂട് ബ്രദറൺ സഭാഹാളിൽ
2023 ജൂലൈ 29, 30 ശനി, ഞായർ
വൈകുന്നേരം 6.30 മുതൽ 9 വരെ
ക്ലാസ് എടുക്കുന്നത് **ജെയിംസ് എം. തോമസ്** (നെടുമ്പാശ്ശേരി)
വിഷയം : **ഹൃദയകാഠിന്യം**

# സുവിശേഷധ്വനിയുടെ ഓഫീസ്

വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതാണ്. നിങ്ങളുടെ വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായിത്തീരുന്നതിനും അവസരം പ്രയോജനപ്പെടുത്താം. ദൈവജനം സഹകരിക്കണമെ.

ചീഫ് എഡിറ്റർ

# വൈ.എം.ഇ.എഫ്. (ND) വാളകം യൂണിറ്റിന്റെ പുതിയ ഭാരവാഹികൾ

വൈ.എം.ഇ.എഫ്. (ND) വാളകം യൂണിറ്റിന്റെ അടുത്ത വർഷത്തെ പ്രവർത്തനങ്ങൾക്ക് (2023-2024) നേതൃത്വം നൽകുവാൻ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ ദൈവം കൃപചെയ്തു.

പ്രസിഡന്റ് : ബാബു ഐപ്പ് (കായനാട്), സെക്രട്ടറി : നിജി തങ്കച്ചൻ (കടമറ്റം), ജോയിന്റ് സെക്രട്ടറി : അഗസ്റ്റിൻ പീറ്റർ (പിറവം), കമ്മിറ്റി അംഗങ്ങൾ : ചന്ദ്രലേഖൻ (കൂത്താട്ടുകുളം), ഇ.ഐ. റോയ് (കായനാട്), ജോബി പി. ഡാനിയേൽ (അങ്കമാലി വെസ്റ്റ് ), കെ. മത്തായി (ഓടക്കാലി), പോൾ റ്റി.സി. (പെരുമ്പാവൂർ), പൗലോസ് ജോർജ് (മാമല), പി.വി. ഏലിയാസ് (മഞ്ഞപ്ര), റെജി കെ. പോൾ (മുളന്തുരുത്തി), സിൽവസ്റ്റർ പി.ആർ. (വൈപ്പിൻ), മനോജ് വർഗീസ് (കളമശ്ശേരി), ബെന്നി സി. കുര്യൻ (പോത്താനിക്കാട്), റ്റി.വി. നെൽസൺ (ഊരമന), ബെന്നറ്റ് തോമസ് (പോത്താനിക്കാട്)

വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുന്നഎല്ലാവർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. ഈ ശുശ്രൂഷയെ ഓർത്തു തുടർന്നും പ്രാർത്ഥിക്കണമെന്നു കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

**ബാബു ഐപ്പ്.** (പ്രസിഡന്റ്, 9447360235) **നിജിതങ്കച്ചൻ** (സെക്രട്ടറി, 9947098031)

# 14 ഫിലേമോൻ ലേഖന പഠനം

## മകനുവേണ്ടി ഒരു അപേക്ഷ

**സാംസൺ ഹെൻറി, കൊല്ലം**

**പൗലൊസിന്റെ തടവറയിലെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായതിന്റെ തെളിവാണ് ഫിലേമോന്റെ ലേഖനത്തിൽ ഒനേസിമൊസിന്റെ വീണ്ടും ജനനം. തന്റെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി എന്നു ഫിലിപ്പിയ വിശ്വാസികളോടു പറഞ്ഞിട്ടുണ്ട്.**

ഫിലേ.10 തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമൊസിനു വേണ്ടി ആകുന്നു നിന്നോടു അപേക്ഷിക്കുന്നതു (I appeal to you for my son Onesimus, whom I have begotten while in my chains).

കൊലൊസ്സി പട്ടണത്തിലെ ഫിലേമോന്റെ അടിമയായ ഒനേസിമൊസ് അവിടെനിന്നും ഓടി റോമിലേക്കു പോകയും കാരാഗൃഹത്തിലായിരുന്ന പൗലൊസുമായി ബന്ധപ്പെടുകയുമുണ്ടായി. പൗലൊസ് ഒനേസിമൊസിനോടു ക്രിസ്തുവിലൂടെ ലഭിക്കുന്ന കൃപയാലുള്ള രക്ഷയെക്കുറിച്ചു പറയുകയും ഒനേസിമൊസു കർത്താവിനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. ഒനേസിമൊസ് കാരാഗൃഹത്തിനുള്ളിൽ കിടക്കുന്ന പൗലൊസിനെ കാണുവാനും രക്ഷിക്കപ്പെടുവാനും ഇടയായത് ദൈവത്തിന്റെ പ്രവർത്തനം തന്നെയായിരുന്നു. മാത്രവുമല്ല യജമാനനായ ഫിലേമോനും അടിമയായ ഒനേസിമൊസും രക്ഷിക്കപ്പെട്ടത് വിവിധ സാഹചര്യങ്ങളിലും സ്ഥലങ്ങളിലുമായിരുന്നുവെങ്കിലും പൗലൊസാണ് ഇരുവരെയും രക്ഷയിലേക്കു നടത്തിയത്.

തടവിൽ ഇരിക്കുമ്പോഴാണ് പൗലൊസ് സുവിശേഷം അറിയിക്കുന്നത്. ശാരീരികമായി പൗലൊസ് ക്ഷീണിതനെങ്കിലും ആത്മിയമായി ഫലം കായ്ക്കുന്നതിന്റെ തെളിവാണ് രക്ഷയുടെ സന്ദേശം അറിയിച്ചതും രക്ഷയിലേക്കു ഒനേസിമൊസിനെ നയിച്ചതും തുടർന്നു തന്റെ മകനെപ്പോലെ സ്നേഹിക്കുന്നതും. തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനെന്നാണ് പൗലൊസ് പറയുന്നത്. പൗലൊസ് വിവാഹിതനാണോ, ഭാര്യയും മക്കളുമായാണോ ജീവിച്ചത് എന്നൊന്നും നമുക്കു തിരുവചനത്തിലൂടെ വിവരങ്ങൾ ലഭിക്കുന്നില്ല. എങ്കിലും പൗലൊസിനു അനേക ആത്മികമക്കൾ ഉണ്ടായിരുന്നു. പൗലൊസിന്റെ പ്രവർത്തനത്താൽ രക്ഷിക്കപ്പെട്ടവരെ തന്റെ മക്കൾ എന്ന നിലയിലാണ് പലപ്പോഴും സംബോധന ചെയ്തിട്ടുള്ളത്. തിമൊഥെയോസ് (1.കൊരി.4:17), തീത്തോസ് (തീത്തൊ.1:4), കൊരിന്തു വിശ്വാസികൾ (1. കൊരി.4:14) എന്നിവർ ഉദാഹരണങ്ങളാണ്. ഇപ്പോൾ ഒനേസിമൊസും പൗലൊസിന്റെ മകനെന്നു വിളിക്കപ്പെടുന്നു. തടവിൽ പടയാളികളാൽ ബന്ധിതനെങ്കിലും സുവിശേഷത്താൽ ഒനേസിമൊസിനെ വീണ്ടും ജനിപ്പിച്ചത് പൗലൊസായിരുന്നു. ഒനേസിമൊസ് നിയമപ്രകാരം ഫിലേമോന്റെ അടിമയെങ്കിലും ഇപ്പോൾ ആത്മികമകനായി പൗലൊസിന്റെ മകനാണ്.

പൗലൊസിന്റെ തടവറയിലെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായതിന്റെ തെളിവാണ് ഫിലേമോന്റെ ലേഖനത്തിൽ ഒനേസിമൊസിന്റെ വീണ്ടും ജനനം. തന്റെ ബന്ധനം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി എന്നു ഫിലിപ്പിയ വിശ്വാസികളോടു പറഞ്ഞിട്ടുണ്ട്. "സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ബന്ധനങ്ങൾ ക്രിസ്തുനിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു" (ഫിലി.1:12-14). ദൈവവേലയിലായിരിക്കുന്ന ദൈവത്തിന്റെ ദാസന്മാരെ ലോകക്കാർക്കും ഭരണാധികാരികൾക്കും ചങ്ങലയാൽ ബന്ധിക്കാം. എന്നാൽ ദൈവവചനത്തെയോ സുവിശേഷത്തെയോ ആർക്കും ബന്ധിക്കുവാൻ സാധിക്കുകയില്ല. തടവറയിലെ ഇടുങ്ങിയ സാഹചര്യം, ബന്ധനം, കഷ്ടത, തന്റെ പ്രായം എന്നിവയൊന്നും പൗലൊസിന്റെ ക്രിസ്തുവിനോടുള്ള സ്നേഹത്തെയും സന്തോഷത്തെയും ഇല്ലാതാക്കുന്ന ഘടകങ്ങളല്ലായിരുന്നു. ഏതു വിധവും എങ്ങനെയും ആത്മാക്കളെ രക്ഷിക്കുക എന്നതായിരുന്നു തന്റെ ചിന്ത. സുവിശേഷം അറിയിക്കുന്നതിൽ പൗലൊസിന്റെ ആഗ്രഹവും നിശ്ചയവും നമുക്കും പിൻപറ്റുവാൻ നല്ല മാതൃകയാണ്. കഷ്ടതയും പ്രതിസന്ധികളും നമ്മുടെ ജീവിതത്തിലുമുണ്ടാകാം. എന്നാൽ അവയൊക്കെ നമ്മെ തളർത്തിക്കളയുവാൻ അനുവദിക്കരുത്. നമ്മുടെ കഷ്ടങ്ങളും ഭാരങ്ങളും കർത്താവിൽ ഏല്പിച്ചിട്ടു നാശത്തിലേക്കു സഞ്ചരിക്കുന്ന അനേകരെ രക്ഷയിലേക്കു നയിക്കേണ്ട ചുമതലയിലും പ്രവർത്തനത്തിലും നാം വർദ്ധിച്ചു വരണം.

തടവറയിൽ വച്ച് സുവിശേഷം അറിയിച്ചു രക്ഷയിലേക്കു നയിച്ചതുമാത്രമല്ല തുടർന്നു ഒനേസിമൊസ് ക്രിസ്തുവിൽ നിലനില്ക്കുവാനുള്ള കാര്യവും പൗലൊസ് ശ്രദ്ധിക്കുന്നു. താൻ തടവറയിലായിരിക്കുന്നതിനാൽ വചനത്തിൽ വളർത്തിയെടുക്കുവാൻ ഏറെ പരിമിതികളുണ്ട്. ഒനേസിമൊസ് ഇപ്പോൾ ജനിച്ച ശിശു എന്ന കാരണത്താൽ ആത്മികമായി വളർത്തിയെടുക്കേണ്ട ആവശ്യത്തെക്കുറിച്ചും ചിന്തിക്കുന്നു. അതിനായി തനിക്കു ഒനേസിമൊസിനെയും കൊണ്ടു ഫിലേമോന്റെ അടുക്കലേക്കു പോകുവാനോ മറ്റാരുടെയെങ്കിലും മേൽനോട്ടത്തിലാക്കുവാനോ തന്റെ തടവറയിലെ ബന്ധനം അനുവദിക്കുന്നില്ല. പൗലൊസിനു ഒനേസിമൊസ് പ്രിയമകനായിത്തീർന്നതിനാൽ ഫിലേമോനും പ്രിയമുള്ളവനായിത്തീരുവാൻ പൗലൊസ് ആഗ്രഹിക്കുന്നു. ഇവിടെയും ആത്മികമായി നമുക്കു ഒരു പാഠം ലഭിക്കുന്നു. കേവലം രക്ഷയുടെ സന്ദേശം കൊടുക്കുക മാത്രമല്ല അവരുടെ വളർച്ചയെക്കുറിച്ചും ചിന്തിക്കണം. അതായത് മറ്റുള്ളവരോടു സുവിശേഷം അറിയിക്കുകയും അവരെ രക്ഷയിലേക്കു നയിക്കുകയും ചെയ്യുമ്പോൾത്തന്നെ അവരെ ക്രിസ്തുവിൽ വളർത്തിയെടുക്കുവാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്. അതുകൊണ്ടാണ് ഒനേസിമൊസിനുവേണ്ടി ഫിലേമോനോടു പൗലൊസ് അപേക്ഷിക്കുന്നത്. ●

# വിശ്വാസജീവിതത്തിൽ അനുസരണവും അനുഗ്രഹവും

സി.എച്ച്. സ്പർജൻ

“വിശ്വാസത്താൽ അബ്രഹാം അനുസരിച്ചു”. നാം ദൈവത്തെ അനുസരിക്കുമ്പോൾ അതു അനുഗ്രഹമായിരിക്കും. ദൈവത്തെ പൂർണ്ണമായും അനുസരിക്കുമ്പോൾ ഭൂമിയിൽ സ്വർഗ്ഗീയ അനുഗ്രഹം എത്രയോ വലുതായിരിക്കും. ദൈവത്തെ അനുസരിക്കുമ്പോൾ സ്നേഹം വർദ്ധിക്കുന്നു. നീതി എല്ലായിടത്തും നടക്കുന്നു.

നമ്മുടെ ജീവിതത്തിൽ അനുസരണക്കേടിനെയോർത്ത് കരയണം, കണ്ണുനീരും, നെടുവീർപ്പും ഉണ്ടാകണം. നമ്മുടെ ജീവിതത്തിൽ ദൈവഹിതം മാത്രം നടക്കണം. അനുസരണത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. ദൈവത്തിൽ വിശ്വസിക്കുന്നതുവരെയും അനുസരണക്കേടു കാണിക്കുന്നു. കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചതുകൊണ്ട് നീതീകരണവും അതോടൊപ്പം അനുസരണവും ലഭിച്ചിരിക്കുന്നു. ജീവനില്ലാത്ത പ്രവൃത്തിയിൽ നിന്നും കർത്താവിനു പ്രസാദമുള്ള സൽപ്രവൃത്തികൾക്കായി നമ്മെ ഉത്സുകരാക്കിയിരിക്കുന്നു. വിളിക്കപ്പെട്ടവരുടെ ഹൃദയവാഞ്ഛ നാം ദൈവത്തെ പൂർണ്ണമായും അനുസരിക്കുക. അനുസരണം വിനയമുള്ളതും, സന്തോഷമുള്ളതുമല്ലെങ്കിൽ അതു ഹൃദയത്തിൽ നിന്നും ഉയരുന്നതല്ല. മാത്രമല്ല, ദൈവമുമ്പാകെ വിലയുള്ളതുമായിരിക്കുകയില്ല. സ്വാർത്ഥതയുള്ളവർ മത്സരികളാണ്. അവരുടെ അനുസരണത്തിന് ഒരു വിലയുമില്ല. വിശുദ്ധീകരിക്കപ്പെട്ട ഓരോരുത്തരും കർത്താവിനെ പൂർണ്ണമായും അനുസരിക്കുന്നു. പരിശോധനയുടെ കാലയളവിൽ അലസരായിരിക്കരുത്. കഷ്ടതയുടെ സമയത്ത് സമയം നഷ്ടപ്പെടുത്തരുത്. ക്രിസ്തീയ ജീവിതത്തിൽ അനുസരണത്തിനുവേണ്ടി ദാഹിക്കുമ്പോൾ ഏതു പരീക്ഷയും അനുഗ്രഹമായി മാറുന്നു, മരണസമയത്ത് നമുക്ക് എല്ലാം പ്രത്യാശയായി മാറുന്നു. നമ്മുടെ കർത്താവിന്റെ മുഖം കാണും. അവന്റെ മന്ദിരത്തിൽ രാവും പകലും ആരാധിക്കും. അബ്രഹാമിനെപ്പോലെ അനുസരിക്കുവാൻ കർത്താവ് സഹായിക്കട്ടെ.

വിശ്വാസികൾ കർത്താവിനെ അനുസരിക്കുന്നത് മക്കൾ എന്ന നിലയിലാണ്. അല്ലാതെ ഒരു അടിമ അനുസരിക്കുന്നതുപോലെയല്ല. ഭയത്തോടുകൂടിയ അനുസരണമല്ല പിന്നെയോ ഒരു പിതാവിനോടുള്ള ഹൃദയം നിറഞ്ഞ സ്നേഹത്തോടുകൂടിയ അനുസരണമാണ്. ഹൃദയപൂർവ്വം ദൈവത്തെ വിശ്വസിക്കാതെ അനുസരിക്കുവാൻ സാധിക്കുകയില്ല. കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന കൃപയാലുള്ള അനുസരണമാണ് വിശ്വാസിയുടെ അനുഗ്രഹം. ഏതു വിധത്തിലുള്ള വിശ്വാസമാണ് അനുഗ്രഹം ഉണ്ടാക്കുന്നത്? കർത്താവ് പരമാധികാരിയുമാണ്. ദൈവം നമ്മുടെ സ്രഷ്ടാവും, നമ്മെ സൂക്ഷിക്കുന്നവനും, നമ്മുടെ പിതാവും വീണ്ടെടുപ്പുകാരനുമാണ്. ചോദ്യം ചെയ്യാനാകാത്തവിധം കർത്താവിന് നമ്മുടെമേൽ പരമാധികാരമുണ്ട്. നമ്മുടെ ജീവിതത്തിലെ ചലനങ്ങളെല്ലാം കർത്താവ് വീക്ഷിക്കുന്നു.

> **വിശ്വാസികൾ കർത്താവിനെ അനുസരിക്കുന്നത് മക്കൾ എന്ന നിലയിലാണ്. അല്ലാതെ ഒരു അടിമ അനുസരിക്കുന്നതുപോലെയല്ല. ഭയത്തോടുകൂടിയ അനുസരണമല്ല പിന്നെയോ ഒരു പിതാവിനോടുള്ള ഹൃദയം നിറഞ്ഞ സ്നേഹത്തോടുകൂടിയ അനുസരണമാണ്.**

ദൈവത്തിനു മാറ്റമില്ലാത്തതുകൊണ്ട് ദൈവവചനത്തിനും യാതൊരു മാറ്റവുമില്ല. ദൈവത്തിന്റെ വിശുദ്ധ വചനത്തിൽ ചരിത്രത്തിലോ, സയൻസിലോ, എന്തെങ്കിലും തെറ്റുസംഭവിക്കും എന്നു കരുതരുത്. അതിലുമുപരി ആരാലും അസാധ്യമായ രക്ഷയുടെ വലിയ സത്യമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. മനുഷ്യന്റെ ചരിത്രത്തിലും, ശാസ്ത്രത്തിലും അനേകം തെറ്റുകൾ സംഭവിക്കാം. ദൈവവചനം സ്വർണ്ണംപോലെ ശുദ്ധീകരിച്ചതും, വിലയുള്ളതുമാണ്. ഒന്നും വ്യർത്ഥമാകയില്ല. ദൈവവചനത്തിലെ ഓരോ വാക്കും സ്വർഗ്ഗീയ ജ്ഞാനം നൽകുന്നതാണ്. ദൈവം കൽപ്പിക്കുന്നു. നാം അനുസരിക്കുന്നു.

‘അബ്രഹാം തന്റെ ഭവനം വിട്ടുപോന്നു’. നമ്മെ അനുസരണത്തിനായി കർത്താവ് വിളിച്ചിരിക്കുന്നു. അബ്രഹാമിനോടു നിന്റെ ദേശം വിട്ടുപോകണം. അതുപോലെ ചാർച്ചക്കാരെയും, നിന്റെ ഭവനത്തേയും വിടണം. കൽദയ ദേശത്ത് ഊരിലുള്ള ജനത്തോട് ദൈവം എന്തു പറഞ്ഞിരിക്കുന്നു എന്നത് അബ്രഹാമിന് ഒരു വിഷയമായിരുന്നില്ല. നമ്മൾ ദൈവത്തെ സേവിക്കുന്നു എന്നു പറയുന്നു എന്നത് ചിലപ്പോൾ ഒരു ഭംഗിവാക്കായി തോന്നും. അയൽസ്നേഹിതരുടെ കുറ്റങ്ങൾ കണ്ടുപിടിക്കുവാൻ ഉത്സാഹികളാണ്. നമ്മുടെ മുന്തിരിത്തോട്ടം നോക്കുന്നതിനെക്കാൾ മറ്റുള്ളവരുടെ പൂന്തോട്ടങ്ങളിലെ കളകൾ കാണുന്നതിലാണ് ശ്രദ്ധ. ഓരോരുത്തരും കർത്താവിന്റെ മുമ്പിൽ വീണു കരഞ്ഞു പ്രാർത്ഥിക്കണം. “കർത്താവേ എന്താണ് എന്നോട് ചെയ്തത്”. നാം ദൈവത്തിന്റെ മക്കളായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. ദൈവത്തിന്റെ വിളി മറ്റുള്ളവർ കേട്ടിട്ടില്ല എന്ന

▶▶ ശേഷം 5-ാം പേജിൽ

▶▶ 1-ാം പേജ് തുടർച്ച

# ശരണത്തിനായി ഓടിവരുന്നവർക്ക് അവൻ ഒരു സങ്കേതം

ഇയ്യോബിന്റെ ചരിത്രം ഉദാഹരണം. അടിസ്ഥാന ഉപദേശസത്യങ്ങൾ ഉപദേശിക്കയും പ്രസംഗിക്കയും കൈത്താങ്ങൽ കൊടുത്ത് താങ്ങിനിർത്തേണ്ടതും ഇവിടെയാണ്. ശൗലിന്റെ ഭരണകാലം നീതിമാന്മാർക്കും പ്രവാചകന്മാർക്കും രക്ഷയില്ലാത്ത കാലമായിരുന്നു. യോനാഥാൻ ദാവീദിന് അനുകൂലമായിരുന്നെങ്കിലും തുറന്നുപറയാൻ കഴിയാത്ത അവസ്ഥ. നീതിയുള്ള ദാവീദ് തികച്ചും പ്രതിസന്ധിയിലായി. പ്രതികരിക്കാൻ കഴിയാതെ ഓടിപ്പോകേണ്ടി വന്നു. എന്നാൽ മനുഷ്യരെല്ലാം കൈവിട്ടാലും ദൈവപൈതലിന് ഒരു നല്ല നാഥനുണ്ട്. അവൻ എല്ലാം കാണുന്നു, അറിയുന്നു. അവന് മറഞ്ഞിരിക്കുന്നതായി ഒന്നുമില്ല. അവൻ പ്രതികാരത്തിന്റെ ദൈവമാണ് എബ്രാ. 10:30, യശ. 65:6. നീതിമാൻ പ്രതിക്രിയ കണ്ടാനന്ദിക്കും സങ്കീ. 58:10, യശ. 54:17, യോശു. 1:5.

തോമസ് എഡിസൻ 2999 പ്രാവശ്യം ബൾബ് പ്രകാശിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. മറ്റു ശാസ്ത്രജ്ഞന്മാർ കളിയാക്കി. എന്നാൽ 3000 -ത്തെ പ്രാവശ്യം ബൾബ് പ്രകാശിച്ചു. അദ്ദേഹം പറഞ്ഞത് “ഞാൻ പരാജയപ്പെട്ടില്ല. ബൾബ് എങ്ങനെ പ്രകാശിക്കയില്ലെന്ന് ഞാൻ കണ്ടുപിടിച്ചു”. പിന്മാറാതെ വിജയംവരെ പരിശ്രമിച്ചു. കർത്താവിലാശ്രയിച്ചു നിലനില്ക്കുന്നവന് ഏതു സ്ഥാനത്തും സമയത്തും നേരെ നില്പാൻ അവൻ ബലം തരും. ഉദാ. ഇയ്യോബ് കഷ്ടതയുടെ, വേദനയുടെ പാരമ്യത്തിലും ഹൃദയം തകർക്കുംവിധം, വീട്ടുകാരും നാട്ടുകാരും വാക്കുകളും പ്രവൃത്തികളും കൊണ്ട് മുറിവേല്പ്പിക്കുമ്പോഴും, ഒറ്റപ്പെടുത്തുമ്പോഴും ഒരു വാക്കുകൊണ്ടു പോലും പാപം ചെയ്യാതെ പൂർണ്ണമായി ദൈവത്തിലേക്ക് ഭരമേല്പിച്ചു. “അവനെന്നെ കൊന്നാലും ഞാൻ അവനായിത്തന്നെ കാത്തിരിക്കും” (ഇയ്യോ. 13:5). “അവനെന്നെ ശോധന ചെയ്താൽ ഞാൻ പൊന്നുപോലെ പുറത്തുവരും” (ഇയ്യോ. 23:10). എല്ലാവർക്കും വിശ്വാസമുണ്ട്. പലർക്ക് പല അളവിലാണ്. കടുകുമണിയോളം വിശ്വാസം വേണമെന്ന് കർത്താവ് പറഞ്ഞു. നിറഞ്ഞ വിശ്വാസം വേണം. ബാബേലിൽ ദാനിയേലിനെ സിംഹക്കുഴിയിൽ, 3 ബാലന്മാരെ എരിയുന്ന തീച്ചൂളയിൽ ഇടാൻ ഒരുങ്ങുന്നു. അവർ പറഞ്ഞത് “ഞങ്ങൾ വിശ്വസിക്കുന്ന ദൈവം ഞങ്ങളെ വിടുവിക്കും. ഇല്ലെങ്കിലും രാജാവിന്റെ ബിംബത്തെ നമസ്കരിക്കയില്ല”. ഞങ്ങൾ തീയിൽ എരിയുന്നതുമൂലം ദൈവനാമം മഹത്വപ്പെടുമെങ്കിൽ അത് സന്തോഷത്തോടെ സ്വീകരിപ്പാൻ ഞങ്ങൾ തയ്യാറാണ്. ഈ ബിംബത്തെ നമസ്കരിച്ചുകൊണ്ട് ഞങ്ങളെത്തന്നെ അശുദ്ധമാക്കി ദൈവനാമം തീണ്ടുകയില്ലെന്ന് ഉറച്ചു തീരുമാനിച്ചു.

**പ്രശ്നങ്ങളുടെ മദ്ധ്യേ സ്വർഗ്ഗത്തിലേക്ക് നോക്കി (വാ. 4)**

“നമ്മുടെ ആവലാതി കേൾപ്പാൻ ദൈവം ശ്രദ്ധാലുവാണ്” (എബ്രാ. 12:1). വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കണം. അവിടെ നിന്നു സഹായം വരും സങ്കീ. 12:1. നിന്റെ മഹത്വത്തിന്റെ നിവാസം എനിക്ക് പ്രിയം സങ്കീ. 26:8. ഒരിക്കൽ ഭൂമിയിൽ ജീവിച്ചവൻ ഇന്ന് സ്വർഗ്ഗത്തിൽ സിംഹാസനത്തിലിരിക്കുന്നു. അവൻ ഉന്നതനും, ഉയർന്നവനും, വിശുദ്ധനും, അനശ്വരതയുള്ളവനുമാണ് യെശ. 57:15. യഹോവ സ്വർഗ്ഗത്തിൽ നിന്നുനോക്കി ദേശത്തെ ജനത്തെ അനുഗ്രഹിക്കുന്നു ആവ. 26:15. നമുക്കെതിരായിവരുന്ന ഏതു പ്രതിസന്ധിയേയും മറികടക്കാൻ വിശുദ്ധമന്ദിരത്തിൽ ചെന്ന് ഹൃദയം തുറന്ന് ആവശ്യം അറിയിക്കുമ്പോൾ മനസ്സലിവുള്ള ദൈവം നമ്മെ സഹായിക്കും സങ്കീ. 51:17; 9:18. ദൈവത്തിൽ പൂർണ്ണമനസ്സോടെ ആശ്രയിക്കുന്നവർക്കായി അവൻ കരുതുന്നു. നമുക്കായി പക്ഷവാദം ചെയ്യുന്ന ജയാളിയായ ഒരു ശ്രേഷ്ഠമഹാപുരോഹിതൻ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലുണ്ട്. നമ്മുടെ ബലഹീനതക്ക് അവൻ തുണ നില്ക്കുന്നു. 1 ശമു. 30:6 -ൽ പ്രതികൂലത്തിന്റെ നടുവിൽ, സ്വന്തജനം കല്ലെറിവാൻ നില്ക്കുമ്പോൾ എല്ലാം നഷ്ടപ്പെട്ട് ഹൃദയം നീറുമ്പോൾ ദാവീദ് യഹോവയിൽ ധൈര്യപ്പെട്ട് ഉയരത്തിലേക്ക് നോക്കി, പരിഹാരം കിട്ടി. പ്രതിസന്ധിയിൽ പരിഹാരകനായി, നല്ല സഖിയായി കർത്താവ് കൂടെവരും. അവന്റെ കണ്ണുകൾ ദർശിക്കുന്നു. അവൻ ശോധനചെയ്യുന്ന ന്യായാധിപൻ. അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവൻ. അവന് മറഞ്ഞിരിക്കുന്നതായി ഒന്നുമില്ല. കോഴി ചികഞ്ഞുനോക്കുന്നതുപോലെ നമ്മുടെ ജീവിതത്തെ, ഹൃദയത്തെ അവൻ ശോധന ചെയ്യുന്നു. ഓരോരുത്തനെ ന്യായം വിധിച്ച് അവരുടെ നടപ്പിനുതക്കവണ്ണം പ്രതിഫലം തരുന്നു. നാം മറന്നുപോകുന്നതും അവൻ ഓർമ്മപ്പെടുത്തി, ഒന്നും വിട്ടുപോകാതെ പ്രതിഫലം കൊടുക്കുന്നു. ഇരുട്ടിൽ മറഞ്ഞിരിക്കുന്നതും വെളിച്ചത്താക്കി പകരം നൽകുന്നു. അവൻ എല്ലാം നന്നായി ചെയ്യുന്നു. ഹബ. 2:20 -ൽ ദൈവം തന്റെ വിശുദ്ധ മന്ദിരത്തിലുണ്ട്. ദൈവം സ്വർഗ്ഗോന്നതത്തിലുണ്ട് ഇയ്യോ. 22:12. ദൈവം ഉന്നതൻ, ഉയരത്തിൽ വസിക്കുന്നുവല്ലോ യെശ. 33:5. യഹോവ ഉയരത്തിൽ വസിക്കുന്ന ഉന്നതൻ, ശാശ്വതവാസി, പരിശുദ്ധനുമാണ് യെശ. 57:15. ഈ ദൈവമെന്നേക്കും നമ്മുടെ ദൈവമാകുന്നു സങ്കീ. 48:14. അവൻ ജീവപര്യന്തം നമ്മെ വഴിനടത്തും. ദൈവം മുഖപക്ഷം കൂടാതെ നീതിനടത്തുന്ന ന്യായാധിപനാണ്. അവന്റെ ദൃഷ്ടി നമ്മുടെ എല്ലാ വഴികളിലും വെച്ചിരിക്കുന്നു സങ്കീ. 33:18; 34:15, ഇയ്യോ. 34:21.

**അവന്റെ ഉള്ളം വെറുക്കുന്നു (വാ. 5)**

ദുഷ്ടനെയും സാഹസപ്രിയനെയും ദൈവം വെറുക്കുന്നു സദൃ. 15:9; 26:8. ദുഷ്ടന്മാരുടെ വഴി, യാഗം, ചിന്തകൾ എല്ലാം ദൈവം വെറുക്കുന്നു. സാഹചര്യങ്ങൾ പ്രതികൂലമായിരിക്കുമ്പോഴും അവന്റെ നെഞ്ചോട് ചാരിയിരിക്കുന്നവന് അവന്റെ ഉള്ളം മനസ്സിലാക്കാൻ കഴിയും. അപ്പോൾ പിശാചിന്റെ മന്ത്രണം കേൾക്കയില്ല സദൃ. 6:16 -ൽ ആറ് കാര്യം ദൈവം വെറുക്കുന്നു. വ്യാജമുള്ള നാവ്, ദുരുപായമുള്ള ഹൃദയം, ഭോഷ്ക് പറയുന്ന കള്ളസാക്ഷി, സഭയിൽ വഴക്കുണ്ടാക്കുന്നവൻ, മുതലായ ആറ് കാര്യങ്ങൾ ദൈവം വെറുക്കുന്നു. നാം പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുപറയണം മത്താ. 12:36. ദൈവം വെറുക്കുന്നത് ഒന്നും നമ്മുടെ ജീവിതത്തിൽ വരാതെ വളരെ സൂക്ഷ്മതയോടെ ക്രിസ്തീയ ജീവിതം ഭയത്തോടെ കഴിക്കാം.

**അവരുടെ ഓഹരി ഗന്ധകവും തീയും കത്തുന്ന പൊയ്കയാണ് (വാ. 6)**

ദൈവം വെറുക്കുന്നവരുടെമേൽ ദൈവത്തിന്റെ ഉഗ്രകോപം ചൊരിയും. അന്ന് അവർക്ക് സഹിച്ചുനില്പാൻ കഴിയില്ല. കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണം ഞങ്ങളെ മറപ്പിൻ എന്ന് മലകളോടും പാറകളോടും പറയും. അവരുടെ മഹാകോപദിവസം വന്നു വെളി. 6:15–16. നരകത്തിൽ അനുഭവിപ്പാൻ പോകുന്ന വേദന ദാവീദ് മുൻകണ്ട് പറയുന്നു. കാരണംകൂടാതെ അവനെ ഉപദ്രവിക്കുന്നവന് ലഭിക്കാൻ പോകുന്ന പ്രതിഫലം തീയും ഉഷ്ണക്കാറ്റും ഗന്ധകം കത്തുന്ന പൊയ്കയുമാണ്. മാനസാന്തരപ്പെട്ട് യേശുവിനെ അംഗീകരിക്കാത്തവന്റെ ഓഹരി നിത്യനരകമാണ്. അത് എത്ര ഭയാനകം.

**ദൈവം നീതിമാൻ (വാ. 7)**

നീതി ദൈവത്തിന്റെ വ്യക്തിപരമായ സ്വഭാവമാണ്. ഭൂമിയിൽ നീതിയോടെ ജീവിക്കുന്നവരെ ദൈവം സ്നേഹിക്കുന്നു, അനുഗ്രഹിക്കുന്നു. ദൈവം എനിക്ക് രാജാവാകുന്നു. ആ ദൈവത്തിന്റെ നീതി ക്രിസ്തുവിൽക്കൂടെ നമുക്കു തന്നു, നമ്മെ വിശുദ്ധീകരിച്ചു, നീതീകരിച്ചു. ദൈവസന്നിധിയോട് അടുക്കുവാൻ യോഗ്യതയുള്ളവരാക്കി. അതുകൊണ്ട് ദൈവത്തോട് നമുക്ക് സാമീപ്യമുണ്ട്. നമ്മുടെ നീതിയെ വ്യാജമാക്കുന്നവർ ദൈവനീതിയെ നിന്ദിച്ച് അവഹേളിക്കുന്നു. അവർക്ക് ശിക്ഷ ഉറപ്പാണ്. നേരുള്ളവർ അവന്റെ മുഖം കാണും. പരിശുദ്ധദൈവം നീതിയും ന്യായവും ഇഷ്ടപ്പെടുന്നു സങ്കീ. 33:5. വീണ്ടെടുക്കപ്പെട്ടവർ നീതിയും ന്യായവും ചെയ്യുന്നവരാകണം. അവരോട് അവന് പ്രത്യേക താല്പര്യം തോന്നും. അതാണ് മക്കളും പ്രിയമക്കളും എന്നത്. അങ്ങനെ ആയിരിപ്പാൻ കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. സങ്കീ. 17:15 -ൽ ഞാൻ നീതിയിൽ നിന്റെ മുഖത്തെ കാണും, ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും. കർത്താവ് വേഗം വരും, നമ്മെ തന്റെ അടുക്കൽ ചേർത്തുകൊള്ളും. നമുക്കായി മുറിവേറ്റ കൈകാലുകൾ, വടുക്കളേറ്റ മുഖവും ശരീരവും നാം കാണും. എത്ര നന്ദി പറഞ്ഞാലും മതിവരാത്ത നിലയിൽ അവന്റെ പാദത്തിൽ വീണു കുമ്പിട്ട് ആരാധിക്കും. തന്റെ മഹത്വമുള്ള ശരീരത്തോട് നമ്മെ അനുരൂപരാക്കി തന്നോടൊപ്പം ഇരുത്തും. ആ സുദിനം എത്ര ആനന്ദദായകം. ഇന്നിവിടെ രോഗം, വേദന, കണ്ണുനീർ, ഹൃദയം തകർന്ന പ്രശ്നങ്ങൾ എല്ലാം അനുഭവിച്ച് നീറി ഞരങ്ങി കഴിയുന്നു. നമ്മുടെ നീതിയെ വ്യാജമാക്കി മാറ്റി ദുഷിച്ച് ഹൃദയം തകർക്കുന്നവരുണ്ട്. നാം എത്രയും വേഗം നീതിയിൽ അവന്റെ മുഖം കാണും. അന്ന് അവിടെ ആശ്വസിക്കും ലൂക്കോ. 15:25. ഓരോ ദിവസവും നമ്മുടെ പ്രത്യാശയെ വർദ്ധിപ്പിച്ചുകൊണ്ട് അവനിൽ വസിക്കാം. അന്ന് നമ്മുടെ കണ്ണിൽ നിന്ന് അവൻ കണ്ണീർ തുടക്കും. നാം അവന്റെ രൂപത്തോട് അനുരൂപപ്പെട്ട് അവനെപ്പോലെ ആയിത്തീരും. അങ്ങനെ നിത്യകാലം നന്ദിയോടെ അവനൊപ്പം വസിക്കാം. ●



Email : svdtvm2019@gmail.com

4-ാം പേജ് തുടർച്ച

# വിശ്വാസജീവിതത്തിൽ അനുസരണവും അനുഗ്രഹവും

ചിന്ത എപ്പോഴും നമ്മെ ഭരിക്കണം. യാഗപീഠത്തിന്റെ കൊമ്പുകളോടു എപ്പോഴും ബന്ധിക്കപ്പെട്ടവരാണ് നാം. കർത്താവിനോട് നന്ദിയുള്ളവരായിരിക്കുമ്പോൾ കർത്തൃശുശ്രൂഷകളിലും നിലനിൽക്കുവാൻ സാധിക്കുന്നു. നാം കർത്താവിനെ എപ്പോഴും അനുസരിക്കുമ്പോൾ "അനുസരണം" ഒരു സ്വഭാവമായി മാറുന്നു. സ്വർഗ്ഗീയ കൃപയാൽ നാം ഉന്നതമായ കർത്താവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടിരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ അതു വെളിപ്പെടുത്തുമ്പോൾ മറ്റുള്ളവരും കർത്താവിൽ വിശ്വസിക്കുവാനും അനുസരിക്കുവാനും തയ്യാറാകുന്നു. കർത്താവിനോടുള്ള അനുസരണം നമ്മുടെ കുടുംബത്തിൽ ആരംഭിക്കണം.

സൽപ്രവൃത്തികളാലുള്ള അനുഗ്രഹമാണ് അനുസരണം. ഒരു രാജകീയ വിശ്വാസവും അനുസരണവുമാണ് കർത്താവ് ആഗ്രഹിക്കുന്നത്. സ്വർഗ്ഗം ഭൂമിയോടു ഉയർന്നിരിക്കുന്നതുപോലെ നമ്മുടെ വിശ്വാസം ഉറപ്പുള്ളതും സത്യവുമാണ്. ദൈവത്തിൽ നമ്മുടെ വിശ്വാസം പൂർണ്ണമായിരിക്കണം. ഇല്ലെങ്കിൽ ദൈവഹിതം പൂർണ്ണമായും നിറവേറുവാൻ സാധിക്കുകയില്ല. ഒരു വിശ്വാസിയുടെ ജീവിതത്തിലെ പ്രധാന ചിന്തയും ആഗ്രഹവും ദൈവഹിതം എപ്പോഴും നമ്മുടെ ജീവിതത്തിൽ നിർവ്വഹിക്കപ്പെടേണം എന്നായിരിക്കണം. എല്ലാത്തിനും ഉപരിയായി ഉന്നതമായ ഒരു വിശ്വാസജീവിതം നയിക്കുന്നതിനും, എല്ലാത്തിനെയും ജയിച്ചുജീവിക്കുവാനുമുള്ള കൃപ ദൈവം തന്നിട്ടുണ്ട്. ദൈവഹിതം അറിഞ്ഞ്, അനുസരിച്ച് വിശുദ്ധജീവിതം നയിക്കുവാനുള്ള കൃപയാണ് വേണ്ടത്. മലകളെ നീക്കുവാനുള്ള വിശ്വാസത്തേക്കാളും ദൈവത്തോടുള്ള പൂർണ്ണമായ അനുസരണവും, വിശ്വാസവുമാണ് ഒരു ദൈവപൈതലിനു വേണ്ടത്.

വിശ്വാസത്താൽ അബ്രഹാം വിളികേട്ടു, അനുസരിച്ചു. ദൈവത്തിന്റെ കല്പനകളെ ലംഘിച്ചു ജീവിക്കുന്നത് പാപമാണ്. കർത്താവിനുവേണ്ടി ചെയ്യേണ്ട ശുശ്രൂഷകൾ ചെയ്യാതെ അനുസരണക്കേടു കാണിച്ചാൽ അതു പാപമാണ്. നമ്മുടെ ജീവിതത്തിൽ നീതി ചെയ്യുന്നില്ലെങ്കിൽ അതും പാപമാണ്. അറിവുണ്ടായിട്ടും അനുസരണക്കേടു കാണിച്ചുകൊണ്ടിരുന്ന ചിലരെ അറിയാം. യിസ്രായേൽ മരുഭൂമിയിലൂടെയുള്ള അവരുടെ കനാൻ ദേശത്തേയ്ക്കുള്ള യാത്രയിൽ അനേകം പ്രാവശ്യം കല്പനകൾ ലംഘിച്ചു ദൈവത്തോടു അനുസരണക്കേടു കാണിച്ചു. ദാവീദ് ഇങ്ങനെ പറഞ്ഞു "നിന്റെ കല്പനകളെ അനുസരിക്കാതിരിക്കേണ്ടതും, താമസം വരുത്തുന്നതും ഞാൻ വെറുക്കുന്നു". അനുസരണം നീട്ടിവെക്കാതെ ഉടൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. നിത്യതയോളം നമ്മെ നടത്തുന്ന കർത്താവിന്റെ ആജ്ഞകൾ ഉടൻ തന്നെ ചെയ്യേണ്ടതാണ്.

അനുസരണം യഥാർത്ഥമാണ്. അബ്രഹാമിന്റെ അനുസരണംപോലും ആരംഭത്തിൽ പരാജയപ്പെട്ടു. അബ്രഹാം ദൈവത്തിന്റെ വിളികേട്ട് കൽദയ പട്ടണമായ ഊരിൽ നിന്നും യാത്ര ആരംഭിച്ചു. പിതാവായ തേരഹ് മരിക്കുന്നതുവരെയും ഹാരാനിൽ താമസിച്ചു. അബ്രഹാമിനെ ദൈവം വീണ്ടും വിളിച്ചപ്പോൾ തന്റെ ലക്ഷ്യസ്ഥാനമായ വാഗ്ദത്തനാട്ടിലേയ്ക്ക് യാത്ര ആരംഭിച്ചു. ദൈവകല്പന പകുതിമാത്രം അനുസരിക്കുന്നവരോടു പറയാനുള്ളത് പൂർണ്ണമായും അനുസരിക്കണം എന്നാണ്. ഗോത്രപിതാവായ അബ്രഹാമിനു തെറ്റുപറ്റിയെങ്കിലും അതു പരിഹരിച്ചു. ദൈവം കൽപ്പിക്കുന്നത് എന്താണോ അത് പൂർണ്ണമായും അനുസരിക്കണം. നമ്മുടെ ഇഷ്ടം അനുസരിച്ചു ചെയ്താൽ തെറ്റുപറ്റുവാനിടയാകും. കർത്താവ് ആവശ്യപ്പെടുന്നത് വിശ്വാസം, സ്നേഹം, നീതി. കർത്താവ് നമ്മുടെ ജീവിതത്തിൽ നിന്നും ആഗ്രഹിക്കുന്നത് പൂർണ്ണമായ അനുസരണമാണ്. അതു നമ്മെ വഴിനടത്തും.

അബ്രഹാമിന്റെ അനുസരണം പ്രായോഗിക ജീവിതത്തോടു ബന്ധപ്പെട്ടതായിരുന്നു. ദൈവം അബ്രഹാമിനോടു "ദേശത്തേയും, ചാർച്ചക്കാരെയും വിട്ടുപോക" എന്നു പറഞ്ഞപ്പോൾ ഞാൻ ആലോചിക്കട്ടെ എന്നു പറഞ്ഞില്ല. പിതാവിനോടൊ ബന്ധുജനങ്ങളോടോ ആലോചിച്ചില്ല. ദൈവത്തിന്റെ കൽപ്പന അനുസരിച്ച് പുറപ്പെട്ടു. ജീവിതം അനുഗ്രഹിക്കപ്പെട്ടു. നമ്മുടെ സഭകൾ സ്വന്തം കാലിലും, കൈയിലും നിൽകുന്നതായിരിക്കണം. യോർക്ക് ഷയറിലെ ഒരു വിശ്വാസി ഇങ്ങനെ എന്നോടു പറഞ്ഞു. "ഞങ്ങൾക്ക് സ്വന്തം കാലിൽ നിൽക്കുന്ന ഒരു ശുശ്രൂഷകനെ കിട്ടി. സ്വന്തം കാലിൽ നിന്നുകൊണ്ടു പ്രസംഗിക്കുന്നവനാണദ്ദേഹം" നല്ല കാര്യമാണ്. അദ്ദേഹം സ്വന്തം കാലിൽ നിൽക്കുന്നവനും, ദൈവത്തോടുകൂടി നടക്കുന്നവനും, ദൈവത്തിനുവേണ്ടി സ്വന്തകൈകൾ കൊണ്ടു അധ്വാനിക്കുന്നവനും ആയിരുന്നു. എവിടെപ്പോയാലും ദൈവത്തെ മഹത്വപ്പെടുത്തുന്നു 'വിശ്വാസത്താലുള്ള അനുസരണത്തിന്റെ ശക്തി' എവിടെയും കാണുവാൻ സാധിക്കും.

വിശ്വാസം ദൂരവ്യാപകമായ അനുസരണം ഉണ്ടാക്കുന്നു. അബ്രഹാം തനിക്ക് അവകാശമായിലഭിച്ച ദൂരദേശത്തേയ്ക്ക് യാത്രയായി. വിശ്വാസത്താലുള്ള അനുസരണം വളരെ അനുഗ്രഹം തരുന്നതാണ്. "എവിടേയ്ക്കു പോകുന്നു എന്നറിയാതെ അബ്രഹാം പുറപ്പെട്ടു". ദൈവം പറഞ്ഞു "പുറപ്പെടുക". അബ്രഹാം ഉടനെ പുറപ്പെട്ടു. ആ ദേശത്തെക്കുറിച്ച് യാതൊരു അറിവുമില്ലായിരുന്നു. ഒരു കാര്യം അബ്രഹാമിനു അറിയാം. യഹോവ കല്പിച്ചു. അബ്രഹാം അനുസരിച്ചു യാത്രയായി. ദൈവകല്പനയെ യാതൊരു മുൻവിധിയും കൂടാതെ അനുസരിക്കണം.

നാമും ചിലപ്പോൾ ലോകത്തിന്റെ ബഹളങ്ങളിൽ മുങ്ങിപ്പോകും. സത്യത്തിനുവേണ്ടി യാതന അനുഭവിക്കുന്നവർ ഈ നാളുകളിൽ ചുരുക്കമാണ്. ഇന്ന് ആരെങ്കിലും മറ്റു ദേശങ്ങളിലേയ്ക്ക് പോകുകയാണെങ്കിൽ വിശദമായി അന്വേഷിക്കും. പുതിയ സ്ഥലത്തു നിന്നു എന്തു കിട്ടും എന്നും അന്വേഷിക്കും. ഇന്നത്തെ വിശ്വാസികളെല്ലാം ഒരു ശാസ്ത്രീയ നിലവാരത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയാണ്. അവരുടേതായ നിഗമനത്തിൽ കാര്യങ്ങൾ വിശകലനം ചെയ്യും. ഒരു തീരുമാനത്തിലെത്തുവാൻ വളരെ വൈകും. ദൈവത്തിന്റെ വിളികേട്ട് അനുസരിക്കുവാൻ തീരുമാനിച്ചാൽ സംശയമില്ലാതെ അനുസരിക്കുക. വിശ്വാസജീവിതത്തിൽ സഹായിക്കുവാൻ ആരുമില്ലെങ്കിലും കർത്താവ് എപ്പോഴും കൂടെ നടക്കുന്ന സഖിയാണ്. സത്യത്തിന്റെ പാത ഇടുങ്ങിയതാണ്. അതു ചിലപ്പോൾ മുമ്പോട്ടു കാണുവാൻ കഴിഞ്ഞില്ലെങ്കിലും അബ്രഹാമിനെപ്പോലെ നമ്മുടെ ബലഹീനകരങ്ങൾ കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിച്ച് യാത്ര തുടരാം.

ഏകനായി ജീവിക്കുന്നതിന് അബ്രഹാം കൂടാരത്തിൽ വസിച്ചു. സ്വദേശത്തു നിന്നും വളരെ വിദൂരദേശത്തെത്തി. അബ്രഹാമിന്റെ ജീവിതത്തെ ഇങ്ങനെ സംക്ഷേപിക്കാം വിശ്വാസത്താൽ അബ്രഹാം അനുസരിച്ചു. ദൈവത്തിന്റെ മുമ്പിൽ അനുഗ്രഹിക്കപ്പെട്ട ഒരു പൂർണ്ണജീവിതം നയിച്ചു. തന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ യാഗം അർപ്പിക്കുന്നതിനുപോലും തെല്ലും മടികാണിച്ചില്ല. ജീവിതാവസാനം വരെയും അബ്രഹാം ദൈവത്തെ അനുസരിച്ചതുകൊണ്ട് ദൈവത്തിന്റെ സ്നേഹിതനെന്നു അറിയപ്പെട്ടു.

ദൈവഹിതത്താലാണ് ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം. അബ്രഹാമിനെപ്പോലെ നാം പൂർണ്ണമായും ദൈവത്തെ അനുസരിക്കുക. നാം മുള്ളുകൾ നിറഞ്ഞ പാതയിലൂടെ സ്വർഗ്ഗീയ രാജാവിനെ അനുസരിച്ചു മുമ്പോട്ടു പോകുക. അപ്പോൾ മറ്റ് അനേകം ആശ്രയങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും പറന്നുപോകും. അനുസരണത്തിൽ പ്രയാസങ്ങളുണ്ടാകാം. അനുസരണത്തിൽ ത്യാഗം അടങ്ങിയിട്ടുണ്ട്. എന്നാൽ അതാണ് സുഗമമായ പാത. ജോൺ ബനിയൻ ഇടയബാലനെക്കുറിച്ച് ഇങ്ങനെ പാടിയിട്ടുണ്ട്.

**"താഴ്വരയിലാണങ്കിലും തോല്ക്കുമെന്ന ഭയം വേണ്ട**

**താഴ്ചയിൽ അഹംഭാവമില്ല ദൈവം തുണയായിരിക്കും**

**വീഴുമെന്ന ഭയം വേണ്ട".**

തന്നത്താൻ താഴ്ത്തുന്നവനെ ദൈവം സഹായിക്കും. ആഗ്രഹത്തിന്റെ കൊടുമുടിയിലെത്തിയില്ലെങ്കിലും ഉന്നതമായ സ്വർഗ്ഗീയ സന്തോഷമനുഭവിക്കുന്നവനായിരിക്കും. ഭൂമിയിലെ വാസം ദൈവത്തോടു കൂടെ വസിക്കുന്നതും, എപ്പോഴും സ്തുതിക്കുന്നതുമായിരിക്കും.

രാജാധിരാജാവിന്റെ കല്പനകൾ അനുസരിക്കുന്നതുമാണ് ഏതൊരു വിശ്വാസിയുടെയും ജീവിതലക്ഷ്യം. അനുസരിക്കുന്ന ദാസന്മാരോടുകൂടി കർത്താവ് എപ്പോഴുമുണ്ട്. വിശ്വാസത്താലുള്ള അനുസരണം അനുകരിക്കാവുന്ന ജീവിതത്തിലേയ്ക്ക് നയിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് അനുഗ്രഹമായ ഫലം ലഭിക്കണമെന്നാഗ്രഹിക്കുന്നു. വിശ്വാസത്താൽ അനുസരണം പഠിപ്പിക്കുന്ന പാഠശാലയിൽ മാതൃകയുള്ള, അനുസരിക്കുന്ന അധ്യാപകരുണ്ടാകും. ഒരു പിതാവിന്റെ സംസ്കാരവേളയിൽ മകന്റെ സാക്ഷ്യം ഇതായിരുന്നു. "എന്റെ പിതാവ് ദൈവത്തെ ഭയപ്പെടുന്നവനായിരുന്നു. പിതാവ് പോയ പാത പിന്തുടരുവാൻ ഞാനും ആഗ്രഹിക്കുന്നു. ഞാൻ ബാലനായിരുന്നപ്പോൾ പിതാവ് വളരെ കഠിന സ്വഭാവമുള്ളവനായി തോന്നി സഭാശുശ്രൂഷകളിൽ തീവ്രതയോടെ ഇടപെടുന്നു എന്നും തോന്നി. എന്നാൽ ഇതിനൊക്കെയും പ്രത്യേക കാരണമുണ്ടെന്നു എനിക്കു മനസ്സിലായി. എന്നെക്കുറിച്ച് ഏറെ കരുതിയിരുന്നു. ദൈവം അനുവദിക്കാത്ത ഒരു കാര്യവും ചെയ്യുകയില്ല എന്നു പിതാവ് തീരുമാനിച്ചുറച്ചിരുന്നു". ദൈവഭയമുള്ള ഭവനങ്ങളാണ് ഏറ്റവും അനുഗ്രഹിക്കപ്പെട്ട സ്ഥാനങ്ങൾ. നാം സേവിക്കുന്നത് ഏറെ തീഷ്ണതയുള്ള ദൈവത്തെയാണ്.

വിശ്വാസത്തോടുകൂടിയ അനുസരണത്തിന് ധാരാളം ദൈവകൃപ വേണം. അതിന് ക്ഷമയോടുകൂടി കാത്തിരിക്കുകയും പ്രാർത്ഥനയിൽ ശക്തിപ്പെടുകയും വേണം. കർത്താവ് തന്റെ ജനത്തിന് കൂടുതൽ കൃപ തരും. അബ്രഹാം ദൈവത്തെ പൂർണ്ണമായും അനുസരിച്ചു. അതുപോലെ ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കുക, അനുസരിക്കുക, വീണ്ടും വീണ്ടും അനുസരിക്കുക. നിത്യമായ അനുഗ്രഹത്തിന്റെ ആരംഭം അനുസരണമാണ്. ഭൂമിയിൽ നമ്മുടെ ജീവിതത്തിൽ വിശ്വാസവും അനുസരണവും പിന്തുടർന്നാൽ നിത്യതയിലും അത് ഏറെ അനുഗ്രഹമായിരിക്കും. അനുസരണത്തിൽ തികഞ്ഞവരാകുവാൻ ദൈവം സഹായിക്കട്ടെ.

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി**

# മഹത്വത്തിൽ



**മുണ്ട, എടക്കര** : സഹോദരി **അന്നമ്മ ചാക്കോ (63)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂൺ 28 ന് മുണ്ട ക്രിസ്ത്യൻ ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം പാലുണ്ട ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചേലക്കോട്ടുകര, തൃശൂർ** : സഹോദരൻ **റ്റി.കെ. ജോൺസൺ (74)** ജൂൺ 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 1 ന് ചേലക്കോട്ടുകര ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം പറവട്ടാനി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മണ്ണാറത്തറ, റാന്നി** : നിത്യതയിൽ വിശ്രമിക്കുന്ന സഹോദരൻ വി. പി. സാമുവലിന്റെ സഹധർമ്മിണി **കുഞ്ഞമ്മ സാമുവൽ (87)** ജൂൺ 30 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 3 ന് മണ്ണാരത്തറ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**നെടുമല, പത്തനംതിട്ട** : സഹോദരി **ലീലാമ്മ ഉണ്ണി (57)** ജൂൺ 27 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂൺ 28 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം മുരണി ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൂക്കുപാലം, ഇടുക്കി** : സഹോദരൻ **സോളി ജോസഫ് (63)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 1 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം തൂക്കുപാലം ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുല്ലാട്, പത്തനംതിട്ട** : സഹോദരൻ **പി.ടി. തോമസ് (77)** ജൂലൈ 1 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 4 ന് ഭവനത്തിൽ നടന്ന പുല്ലാട് ബെഥേൽ ബ്രദറൺ അസംബ്ലിയുടെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

2-ാം പേജ് തുടർച്ച

# നമ്മുടെ സുരക്ഷിതഭവനം-പണികൾ പൂർത്തിയാകുന്നു

ഭക്ഷണം കഴിച്ച്, സംസാരിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തശേഷം രാത്രി 10 മണിക്ക് ഞാൻ എന്റെ മുറിയിൽ എത്തും. എന്റെ സ്വർഗ്ഗപിതാവിൽ എന്നെത്തന്നെ സമർപ്പിക്കും വിശ്രമത്തിനായി കിടക്കുകയും മഹത്വത്തിൽ ഉണരുകയും ചെയ്യും". Praise the Lord.

പ്രിയരേ, ഇതത്രേ ഭാസുരമായ പ്രത്യാശ; ജീവനുള്ള പ്രത്യാശ; നാം ഈ ജീവനുള്ള പ്രത്യാശയ്ക്ക് ഉടമകളാണോ! "നീ എന്നെ വലങ്കൈയ്ക്ക് പിടിച്ചിരിക്കുന്നു, നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും" (സങ്കീ. 73:24). "അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലി. 3:21). തനിക്ക് സകലവും കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് ഭാവിയിൽ സകലത്തേയും തനിക്ക് കീഴ്പ്പെടുത്തുവാൻ വ്യാപരിക്കുന്ന അതേ ശക്തി, നമ്മുടെ പുനരുത്ഥാനശരീരത്തിന് നൽകപ്പെടും. അവൻ രക്ഷിപ്പാൻ ശക്തൻ (എബ്രാ. 7:25). സഹായിപ്പാൻ ശക്തൻ (എബ്രാ. 2:18) സൂക്ഷിപ്പാൻ ശക്തൻ (യൂദ. 24). ഇപ്പോൾ ഈ വാക്യത്തിൽ അവൻ കീഴ്പ്പെടുത്തുവാൻ ശക്തൻ എന്നും വായിക്കുന്നു... നമ്മുടെ ദൈവത്തിന്റെ എന്നേക്കുമുള്ള സ്വഭാവം ഇതത്രേ. മരണത്തോളം അവിടുന്നു നമ്മെ വഴിനടത്തും (സങ്കീ. 48:14).

"മരണത്താൽ മറയാത്ത മഹത് സ്നേഹപ്രഭയാൽ, പിരിയബന്ധമാണിത് യുഗകാലംവരേയും പിരി..." (MEC). പ്രിയരേ നമ്മുടെ ജീവിതത്തിന്റെ 'നൈമിഷികതയെ' ഓർത്തുകൊണ്ട് - കേവലം ഒരു ഉറുമ്പിന്റെ കടിയേറ്റതിനാൽ, ചില വർഷങ്ങൾക്കു മുമ്പ് നമ്മുടെ ഒരു സഹോദരി നിത്യതയിൽ ചേർക്കപ്പെട്ടു - ഭയത്തോടും, ഭക്തിയോടുംകൂടെ നമ്മുടെ കേവലം നാലുവിരൽ നീളമുള്ള ജീവിതം നമ്മുടെ കർത്താവിനായി സമർപ്പിക്കാം. "ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ യേശുവേ നിനക്ക് സ്തോത്രം, വേഗം നിന്നെ കാണും ഞാൻ" (VN) സ്തോത്രം.

പ്രിയരേ, നാം ഈ ലോകത്തിൽ നിന്ന് എപ്പോൾ മാറ്റപ്പെടുമെന്നറിയില്ല. നമുക്കും ജീവനുള്ള പ്രത്യാശ ഉള്ളവരായിരിക്കണം. ഇതാ ഫ്രാൻസിലെ ഒരമ്മച്ചിയുടെ "ജീവനുള്ള പ്രത്യാശയുടെ" ഒരു ഉത്തമ ഉദാഹരണം.

ഫ്രാൻസിലെ ഒരു കൊച്ചുകുടുംബം. വിധവയായ അമ്മ. അമ്മയ്ക്ക് രണ്ട് മക്കൾ. മൂത്തമകൻ ഫ്രാൻസിലാണ്. ഇളയമകൻ ഇംഗ്ലണ്ടിലും. ഇംഗ്ലീഷ് ചാനൽ കടന്നാൽ മതി വീട്ടിലെത്താൻ. എന്നാൽ വളരെ അവിചാരിതമായി മൂത്തമകൻ മരിച്ചുപോയി. മൂത്തമകൻ അമ്മയ്ക്ക് താങ്ങും തണലുമായി കുടുംബത്തിൽ നിന്നവനായിരുന്നു. ഇളയമകൻ വന്നു. ശവസംസ്കാരം എല്ലാം കഴിഞ്ഞു. ലീവ് കഴിഞ്ഞ് മടങ്ങിപ്പോകണമല്ലോ. "അമ്മേ, അമ്മ ഒറ്റക്കിവിടെ താമസിക്കേണ്ട. അമ്മ എന്റെ കൂടെ വരണം. ചേട്ടനും കടന്നുപോയി. എനിക്കു ജോലിക്കു പോകാതിരിപ്പാനും പറ്റുകയില്ലല്ലോ" ഈ മകൻ അമ്മയെ നിർബന്ധിച്ചെങ്കിലും "ഞാൻ ഒറ്റക്കാണ് എന്നല്ലേ നിന്റെ പേടി, വിഷമിക്കേണ്ട, യേശുകർത്താവ് എന്റെ കൂടെയുണ്ട്. നീ പേടിക്കേണ്ട നീ പൊയ്ക്കോ" എന്നായിരുന്നു അമ്മയുടെ ഉറച്ച നിലപാടും തീരുമാനവും. അങ്ങനെ ഇളയമകൻ മടങ്ങിപ്പോയി. കൂടെക്കൂടെ അമ്മയെ വിളിക്കും. വിളിക്കുമ്പോഴൊക്കെ പറയും "അമ്മേ, അമ്മ ഒന്നിങ്ങു വാ, എനിക്ക് പെട്ടെന്ന് വരാൻ പറ്റുകയില്ലല്ലോ, അമ്മയിങ്ങുവാ". മകൻ ഇങ്ങനെ നിർബന്ധിച്ചതുകൊണ്ട് കുറച്ചുദിവസത്തേക്ക് പോയി താമസിക്കാം എന്ന് തീരുമാനിച്ചു. ഇംഗ്ലീഷ് ചാനൽ കടക്കാൻ അന്ന് ബോട്ടു വേണം. അങ്ങനെ ബോട്ടിൽ കയറി. ബോട്ട് ഏതാണ്ട് ഇംഗ്ലീഷ് ചാനലിന്റെ നടുക്കെത്തി. പെട്ടെന്നാണ് ബോട്ടിന് ഒരു അപകടം. ബോട്ട് മുങ്ങാൻ തുടങ്ങുകയാണ്. എല്ലാവരും വലിയ അങ്കലാപ്പിലായി. എല്ലാവരും കരയുകയാണ്, എന്നാൽ അമ്മയ്ക്കുമാത്രം ഒരു കൂസലുമില്ല. ബോട്ടിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ ചോദിച്ചു "നിങ്ങളെന്താണ് ഒരു കൂസലുമില്ലാതെ ഇരിക്കുന്നത്? എല്ലാവരും കരയുന്നത് കേട്ടില്ലേ? എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് കണ്ടില്ലേ? "ഞാനും പ്രാർത്ഥിക്കുന്നുണ്ട്, പക്ഷേ എനിക്ക് പേടിയില്ല". കാരണം എന്താണമ്മേ? ഈ ബോട്ടിന്റെ കേടുതീർത്ത് ഞാൻ അക്കരെ എത്തിയാൽ എന്റെ ഇളയമകൻ അവിടെയുണ്ട്; അല്ല ഈ ബോട്ടു മുങ്ങി ഞാൻ ഇംഗ്ലീഷ് ചാനലിൽ മരിച്ചാൽ കർത്താവിന്റെ അടുത്ത് എന്റെ മൂത്തമകനുണ്ട്. രണ്ടായാലും ഞാൻ ഭാഗ്യവതിയാണ്. എന്റെ ജീവിതത്തിൽ യേശുകർത്താവിന്റെ അടുക്കലേക്ക് പോകാൻ ഞാൻ ഒരുങ്ങിയിട്ടുണ്ട്. എന്റെ മോനവിടെ നേരത്തെ പോയിട്ടുണ്ട്. ഞാൻ അങ്ങോട്ടുചെല്ലും. ഇതാണ് ഭാഗ്യകരമായ പ്രത്യാശ (കടപ്പാട്). ദൈവമക്കളേ ഇതാണ് ഉറപ്പ്. ഇതാണ് ഗൃഹകാര്യം ക്രമത്തിലാക്കുക എന്നുപറയുന്നത് (യെശയ്യ. 38:1). താങ്കളുടെ ജീവിതത്തിൽ ഈ ഉറപ്പ് കിട്ടിയിട്ടുണ്ടോ? പാപങ്ങൾ ക്ഷമിച്ചുകിട്ടിയിട്ടുണ്ടോ? ജീവനുള്ള ദൈവത്തിന്റെ വചനം കേട്ട് വചനപ്രകാരം ജീവിക്കുവാനുള്ള സമർപ്പണം എടുക്കുമോ? ദൈവം കൃപ ചെയ്യുമാറാകട്ടെ. ●

ചിന്ത TVS

# നാം സർവ്വസ്വവുമായി കരുതുന്നതും ആശ്രയിക്കുന്നതുമായവ നഷ്ടപ്പെടുമ്പോൾ

ഏത് മനുഷ്യന്റേയും ജീവിതത്തിൽ അവൻ ആഗ്രഹിക്കുന്നതും സർവ്വസ്വവുമായി കരുതുന്നതുമായ പല കാര്യങ്ങൾ നഷ്ടപ്പെടുമ്പോൾ ജീവിതത്തിൽ നിരാശയുടെ കാർമേഘങ്ങൾ രൂപപ്പെട്ടു എന്നുവരാം. ഇങ്ങനെയുള്ള സന്ദർഭങ്ങൾ മനുഷ്യജീവിതത്തിൽ പല രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. നഷ്ടപ്പെട്ടപ്പോൾ അടഞ്ഞു എന്ന് വരാം. ആശിക്കുന്നതിനു വിപരീതമായി സംഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി ജീവിതത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുമ്പോൾ എന്തിനിനിയും ജീവിക്കുന്നു എന്നു തോന്നൽ പലരേയും വേട്ടയാടാറുണ്ട്. അങ്ങനെയുള്ളവർ ദൈവത്തിൽ പൂർണ്ണമായി ആശ്രയം ഇല്ലാത്തവർ ആണ്. അവർ തനിയെ ചില തീരുമാനങ്ങൾക്ക് അടിമയാകുകയും ആത്മഹത്യയിലേക്ക് വഴുതിവീഴുകയും ചെയ്യുന്നു. എന്നാൽ ഈ ജീവിതത്തിന് ഒരു മറുവശം ഉണ്ടെന്ന് അവർ അറിയുന്നില്ല. ഒരു രാത്രിക്ക് ഒരു പകൽ ഉണ്ട്. ഒരു മഴയും തോരാതിരുന്നിട്ടില്ല. മനുഷ്യജീവിതം ഒരു നാടകം തന്നെയാണ്. ഒരു രംഗം കഴിഞ്ഞ് തിരശ്ശീല വീണാൽ അടുത്ത രംഗത്തിനുവേണ്ടി ജനം കാത്തിരിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിന്റെ അടുത്തരംഗം കാണുന്നതിന് ക്ഷമയോടെ കാത്തിരിക്കാം. ശുഭകരമായ ഒരന്ത്യം അതിനുണ്ടാകും എന്ന് പ്രതീക്ഷയോടെ, ആകാംഷയോടെ കാത്തിരിക്കു. അത് സന്തോഷപൂർണ്ണമായിത്തീരും. ആദിയിങ്കൽ കൈയ്പ്പാണെങ്കിലും അന്ത്യമോ മധുരമായിരിക്കും. നിരാശയുടെ കാർമേഘങ്ങൾ മാഞ്ഞുപോകുന്നതും, പ്രത്യാശയുടെ കിരണങ്ങൾ ഉദയം ചെയ്യുന്നതും നാം കാണും.

ദൈവമക്കളുടെ ജീവിതത്തിന്റെ എല്ലാ വ്യാപാരമേഖലകളിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട് എന്നുള്ള സത്യം നാം മറന്നുപോകരുത്. മനുഷ്യജീവിതത്തിന്റെ ഉള്ളിൽ ദൈവം വ്യാപരിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ ജീവിതം തകർന്ന് ആത്മഹത്യയ്ക്ക് ഒരുങ്ങിയ ഒരു വ്യക്തിയുടെ കഥ ലിയാനാർഡ് ഗ്രിഫത്ത് എന്ന എഴുത്തുകാരൻ ഇങ്ങനെ ഉദ്ധരിച്ചിട്ടുണ്ട്.

കൂരിരുൾ നിറഞ്ഞ ഒരു രാത്രിയിൽ സേവീസ് വെയിൽസിന്റെ തെക്കേ കടൽപ്പുറത്ത് ഏകനായി ഇരിക്കുകയായിരുന്നു. സാമാന്യം ഭേദപ്പെട്ട കുടുംബത്തിൽ ദൈവഭക്തിയുള്ള മാതാപിതാക്കളുടെ പുത്രനായി ജനിച്ചു വളർന്ന യുവാവ് ഒരു വൈദികനായിത്തീർന്നു. കാലങ്ങൾ പിന്നിട്ടപ്പോൾ ഒരു പത്രപ്രവർത്തകനായും മതപരമായും, രാഷ്ട്രീയമായും ഉള്ള പല വിശ്വാസങ്ങളിലേക്കും അയാൾ വഴുതി നീങ്ങിക്കൊണ്ടിരുന്നു. തുടർന്നുള്ള തന്റെ ജീവിതം അരാജകത്വത്തിൽ ചെന്ന് അവസാനിച്ചു. ഒടുവിൽ നിരീശ്വരനായിത്തീർന്ന ഡേവീസിന്റെ ജീവിതം പരാജയങ്ങളുടെ ഘോഷയാത്രയായി പരിണമിച്ചു. പലതും അതുമൂലം നഷ്ടപ്പെട്ടു. അയാൾ പിടിച്ചു തൂങ്ങിയിരുന്ന കയറിന്റെ അറ്റത്തിൽ എത്തി. ഇനി ആത്മഹത്യ മാത്രമാണ് ആശ്രയം. അങ്ങനെ അദ്ദേഹം കരിങ്കടലിലേക്ക് എടുത്തുചാടി ആഴങ്ങളിലേക്ക് നീന്തുവാൻ തുടങ്ങി. കടൽ തന്നെ വിഴുങ്ങുന്നതുവരെ നീന്തുക പിന്നീട് മരിക്കുക ഇതായിരുന്നു പ്ലാൻ. പക്ഷെ പെട്ടെന്ന് "എന്റെ ദൈവമേ ഞാൻ എന്താണ് ചെയ്യുന്നത്" എന്ന ചിന്ത അയാളുടെ മനസ്സിൽ പ്രവേശിച്ചു. ഉടനെ സർവ്വശക്തിയും ഉപയോഗിച്ച് തിരിച്ച് നീന്തി കരകയറി. ഒരു പാറപ്പുറത്ത് കയറിയിരുന്നുകൊണ്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ അയാൾ പശ്ചാത്താപത്തിന്റെ കണ്ണീർ ഒഴുക്കാൻ തുടങ്ങി. മാനസാന്തരത്തിന്റെ അവസ്ഥയിലേക്ക് നീങ്ങാൻ തുടങ്ങി. പെട്ടെന്ന് തന്റെ അമ്മ ഒരു പുസ്തകവുമായി തന്റെ അടുക്കലേക്ക് വന്നു. ക്രിസ്തുവിനെ കൂടുതലായി പരിചയപ്പെടുത്തി. ആരാണ് ക്രിസ്തു എന്ന ചോദ്യം തന്റെ മനസ്സിൽ ഉയർന്നു. ഒടുവിൽ താൻ കർത്താവിനെ തന്റെ ജീവിതത്തിലേക്ക് രക്ഷകനായി അംഗീകരിച്ചു. അങ്ങനെ ജീവന്റേയും മരണത്തിന്റേയും ഇടയ്ക്കുവെച്ച് അദ്ദേഹം ദൈവത്തെ കണ്ടെത്തി. അങ്ങനെ ദൈവം തന്റെ സർവ്വസ്വവും ആശ്രയവും ആയിത്തീർന്നു.

ദൈവമക്കളെ നമ്മുടെ ദൈവം ഏത് പ്രതികൂല തിരമാലകളുടെ മദ്ധ്യേയും കടന്നുവന്ന് നമ്മെ ആശ്വസിപ്പിക്കുന്നവനാണ്. ശിഷ്യന്മാരുടെ പടകിന് എതിരെ അടിച്ച തിരമാലയും കലുഷിതമായ കടലും ശാന്തമായത് കർത്താവിന്റെ വാക്കിലാണല്ലോ. ആ കർത്താവ് നമ്മുടെ ജീവിതമാകുന്ന പടകിലും ഉണ്ടല്ലോ. അവൻ തക്കസമയത്ത് ഉയർന്നടിക്കുന്നു. ഏത് വൻതിരമാലകളിലൂടെയും കടന്ന് വന്ന് സഹായിക്കുന്നവനാണ്. ദൂരത്ത് നിന്ന് നമ്മുടെ എല്ലാ അലച്ചിലുകളും കണ്ട് മനസ്സലിയുന്നവനാണ്. നമുക്ക് അവനിൽ ആശ്രയിക്കാം. നമ്മുടെ ഏത് ആവശ്യങ്ങളും അവനോട് പറയാം. മറ്റെല്ലാവരും നമ്മെ കൈവിട്ടാലും ലോകതാങ്ങുകൾ നീങ്ങിപ്പോയാലും നമ്മുടെ ചാരത്തണഞ്ഞു സഹായിക്കുന്ന കർത്താവിൽ കൂടുതൽ ആശ്രയിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. ●


**SUVISESHADHWANI**

Fortnightly
Vol. 41 Issue 48
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and
articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas,** Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing: 15-07-2023
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum